കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ-പി4-1499/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
തീയതി.06/12/2019
ഫോൺ- 0487 2331249
ഇ മെയിൽ ഐ.ഡി.- dotsr.ksad@kerala.gov.in

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3-1 എന്ന ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ-പി4-1499/2019 തിയതി:06/12/2019

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.18 മുതൽ 17.09.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-09-2019 മുതൽ 30-09-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. രാംമനോഹർ.വി.കെ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീമതി. റീന ജോസഫ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുധ.ഇ.എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുനിൽ പി.ബി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജീജോ ജോബ് | ഓഡിറ്റർ |

### നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ശോഭന രാജൻ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ചന്ദ്രൻ.ആർ | 01.04.2018 മുതൽ 09.04.2018 FN വരെ |
| ശ്രീ. രാജീവ്.ആർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 09.04.2018 FN മുതൽ 24.04.2018 വരെ |
| ശ്രീ. ചന്ദ്രൻ.ആർ | 25.04.2018 മുതൽ 02.05.2018 വരെ |
| ശ്രീ. രാജീവ്.ആർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 03.05.2018 മുതൽ 20.05.2018 വരെ |
| ശ്രീ. ചന്ദ്രൻ.ആർ | 21.05.2018 മുതൽ 22.06.2018 വരെ |
| ശ്രീമതി. പുഷ്പലത എം.സി. (സെക്രട്ടറി ഇൻ ചാർജ്ജ്) | 23.06.2018 മുതൽ 24.06.2018 വരെ |
| ശ്രീ. ജോയ്.പി.ഡി. | 25.06.2018 മുതൽ 30.06.2018 FN വരെ |
| ശ്രീ. ആർ.ശ്യാംകുമാരൻ | 30.06.2018 FN മുതൽ 29.07.2018 വരെ |
| ശ്രീ. ദേവരാജൻ.കെ.പി. (സെക്രട്ടറി ഇൻ ചാർജ്ജ്) | 30.07.2018 മുതൽ 09.08.2018 വരെ |
| ശ്രീ. ആർ.ശ്യാംകുമാരൻ | 10.08.2018 മുതൽ 12.03.2019 വരെ |
| ശ്രീ. ദേവരാജൻ.കെ.പി. (സെക്രട്ടറി ഇൻ ചാർജ്ജ്) | 13.03.2019 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ (സെക്രട്ടറി ഒഴികെയുള്ള)

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രാജീവ്.ആർ. | 01.04.2018 മുതൽ 20.06.2018 വരെ |
| | ഒഴിവ് | 21.06.2018 മുതൽ 24.06.2018 വരെ |
| | ശ്രീ.ദേവരാജൻ.കെ.പി. | 25.06.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.ഷെമീർ | 01.04.2018 മുതൽ 28.06.2018 വരെ |
| | ശ്രീമതി.മഞ്ജുഷ.പി.എച്ച്. | 29.06.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രവീൺ.ഇ. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ജോസഫ് ജോൺ തേറാട്ടിൽ | 01.04.2018 മുതൽ 02.03.2019 വരെ |
| | ഡിബിൻ | 03.03.19 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ചന്ദ്രശേഖരൻ | 01.04.2018 മുതൽ 04.09.2018വരെ |
| | ഡോ.സ്മിഷ | 05.09.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസ്വതി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പങ്കജം.യു. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അജീഷ്.സി.വൈ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മഞ്ജുഷ മേനോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഹേഷ്.ജി.സി. | 01.04.2018 മുതൽ 10.07.2018 വരെ |
| | നാൻസി വർഗ്ഗീസ് | 11.07.2018 മുതൽ 18.02.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സുരേഷ് കുമാർ.എ. | 19.02.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് പാസ്സാക്കിയ വിവരങ്ങൾ | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ എഴുതി പൂർത്തീകരിക്കുന്നില്ല | 1-13 |
| 14 | രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 15 | ഇ.എം.ഡി.യായി ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചില്ല | 1-15 |
| 16 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-16 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെയും വസ്തുനികുതി നിർണ്ണയത്തിലെയും അപാകതകൾ | 1-17 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് | 1-18 |

| | | |
|---|---|---|
| | അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല | |
| 19 | പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ലൈസൻസ് - പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല. | 1-19 |
| 20 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-20 |
| 21 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത്-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-21 |
| 22 | പഞ്ചായത്തിലെ കുടിവെള്ള പദ്ധതി- കുടിവെള്ളം നേരിട്ട് വിതരണം -ചെലവിനനുസൃതമായി വെള്ളക്കരം പരിഷ്കരിക്കേണ്ടതാണ്. | 1-22 |
| 23 | സ്ട്രീറ്റ് ലൈറ്റ് - സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്. | 1-23 |
| 24 | സ്ഥാപന സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയ ശമ്പളബില്ലിൽ ഒരേ അടിസ്ഥാന ശമ്പളമുള്ളവർക്ക് വ്യത്യസ്ത ഡി.എ. | 1-24 |
| 25 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് രൂപീകരിച്ച് തനത് ഫണ്ട് ബാധ്യത വർദ്ധിപ്പിച്ചു. | 1-25 |
| 26 | സൻസദ് ആദർശ് യോജന -വിവരശേഖരണം നടത്തിയ വീടുകളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചില്ല. | 1-26 |
| 27 | ഹരിത കേരളം- ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | പൊതുമരാമത്ത് പ്രവർത്തി-പൊതുഅപാകതകൾ | 1-28 |
| 29 | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം | 1-29 |
| 30 | സ്ഥലം വിട്ടുനൽകിയത് സംബന്ധിച്ച് -പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല | 1-30 |
| 31 | കരാർ വെച്ചിട്ടും ആരംഭിക്കാത്ത പദ്ധതി പ്രവർത്തനങ്ങൾ | 1-31 |
| 32 | ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 40,026/- രൂപ നഷ്ടം | 1-32 |
| 33 | കാനാശ്ശേരി കിഴക്കുമുറി കുടിവെള്ളപദ്ധതി - ടെണ്ടർ നിരക്ക് കുറവ് ചെയ്തിട്ടില്ല | 1-33 |
| 34 | റദ്ദാക്കിയ കരാർ പ്രകാരമുള്ള മരാമത്ത് പ്രവൃത്തിക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു | 1-34 |
| 35 | ആശ്രയ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല - ലക്ഷങ്ങൾ സി.ഡി.എസ്. അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്നു. | 1-35 |
| 36 | പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടി - തുക കൈമാറിയിട്ടും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-36 |
| 37 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വാഹനം വാടകയ്ക്ക് എടുത്തത്- വാഹന വാടക തനതുഫണ്ടിൽ വകയിരുത്തിയില്ല | 1-37 |
| 38 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അപര്യാപ്തം | 1-38 |
| 39 | സമഗ്ര നെൽകൃഷി വികസനം- നെൽവിത്ത് വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല- ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | ലാപ് ടോപ്പ് വിതരണം,ടെണ്ടർ ലഭിച്ച സ്ഥാപനം സപ്ലേ നടത്തിയില്ല- ഗ്രാമ പഞ്ചായത്തിനു സംഭവിച്ച നഷ്ടം, | 1-40 |

| | | |
|---|---|---|
| | കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയുണ്ടായില്ല | |
| 41 | എസ്. ടി. വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, കുട, നോട്ട് ബുക്ക് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല, തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-41 |
| 42 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 1-42 |
| 43 | പ്രൊജക്റ്റ് പ്രകാരമുള്ള മുഴുവൻ തുക കൈമാറിയിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-43 |
| 44 | എസ്.എൽ.ബി.പി. പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-44 |
| 45 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-45 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 46 | ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 40,026/- രൂപ നഷ്ടം | 3-1 |
| 47 | കാനാശ്ശേരി കിഴക്കുമുറി കുടിവെള്ള പദ്ധതി – ടെണ്ടർ നിരക്ക് കുറവ് ചെയ്തിട്ടില്ല – 14183/- രൂപ | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 58 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 59 | ഓഡിറ്റ് സംക്ഷിപ്തം | 2 |


# <u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

## 1-1 ബജറ്റ് പാസ്സാക്കിയ വിവരങ്ങൾ

2018-19 വർഷത്തെ ബജറ്റ് 19.03.2018 തിയ്യതിയിലെ 1(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം

പ്രാരംഭ ബാക്കിയടക്കം ആകെ വരവ് 367576892/- രൂപയും ആകെ ചെലവ് 361700000/- രൂപയും നീക്കിയിരിപ്പ് 5876892/- ആണ്. 15.02.2019ലെ 3(1) ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി. അതു പ്രകാരം വരവ് 344650210/- രൂപയും ആകെ ചെലവ് 337546500/- രൂപയും ആണ്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ യഥാർത്ഥ വരവു ചെലവുകളിൽ നിന്നും വളരെയേറെ അന്തരം പുലർത്തുന്നുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവു കണക്കുകളെ അടിസ്ഥാനമാക്കി വസ്തുനിഷ്ഠമായ ബജറ്റ് പാസ്സാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 14.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.08.2019 & 23.08.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1) - 1120/19(68)/26.08.2019 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17796717 |
| വരവ് | 151978122 |
| ആകെ | 169774839 |
| ചെലവ് | 130605793 |
| നീക്കിയിരിപ്പ് | 39169046 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40 b ) പ്രകാരം ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 28774000 | 28774000 | 22751835 | 6022165 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 16758000 | 16758000 | 11879889 | 4878111 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 609000 | 609000 | 528038 | 80962 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 15120999 | 15120999 | 14950130 | 170870 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 5826000 | 5826000 | 4999838 | 826162 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 13355000 | 13355000 | 12171137 | 1183863 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 68022850 | 68022850 | 68022850 | 0 |
| | ഭരണച്ചെലവ് | 1817 | 966699 | 968516 | 967438 | 1078 |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 1817 | 68989549 | 68991366 | 68990288 | 1078 |
| ഹരിയാലി | 273437 | 9695 | 283132 | 0 | 283132 |
| ടി.എസ്.സി | 0 | 561036 | 561036 | 0 | 561036 |
| ഐ.സി.ഡി.എസ് | 1647822 | 613650 | 2261472 | 1225840 | 1035632 |
| ഒ.ഡി.എഫ് | 54712 | 0 | 54712 | 0 | 54712 |
| ചിയാക് | 6682 | 0 | 6682 | 0 | 6682 |
| ബേടി ബചാവൊ ബേടി പഠാവോ | 41000 | 0 | 41000 | 41000 | 0 |
| സൻസദ് ആദർശ് ഗ്രാം യോജന (SAGY) central share | 0 | 50000 | 50000 | 0 | 50000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| പട്ടിക വർഗ്ഗ വികസന വകുപ്പ് | 120000 | 0 | 120000 | 0 | 120000 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| ജലനിധി | 114691 | 0 | 114691 | 0 | 114691 |
| ലൈഫ് ഭവന പദ്ധതി | 0 | 400000 | 400000 | 0 | 400000 |
| ശുചിത്വ മിഷൻ | 0 | 1100000 | 1100000 | 0 | 1100000 |
| എം.എൻ ലക്ഷം വീട് | 310000 | 0 | 310000 | 0 | 310000 |
| വിമുക്തി | 32700 | 25000 | 57700 | 6903 | 50797 |
| സംയുക്ത പദ്ധതികൾക്കുള്ള വിഹിതം | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 267089 | 6816455 | 7083544 | 5276825 | 1806719 |
| ജില്ലാ പഞ്ചായത്ത് | 197000 | 5736634 | 5933634 | 5919387 | 14247 |
| ഗുണഭോക്തൃവിഹിതം | 141000 | 105675 | 246675 | 235125 | 11550 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 250513943 | 175 | 110433799 | 0 | 88 | 66.53 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1817 | 966699 | 968516 | 967438 | 1078 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68022850 | 68022850 | 68022850 | 0 |
| ആകെ | 1817 | 68989549 | 68991366 | 68990288 | 1078 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 278640 | 200 |
| കർഷകതൊഴിലാളി | 12579200 | 992 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 20564700 | 1727 |
| വാർദ്ധക്യകാലപെൻഷൻ | 34659400 | 3036 |
| വികലാംഗപെൻഷൻ | 5981600 | 504 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 2884300 | 239 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 390000 | 13 |

# 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2019 തീയതിയിൽ 3.00 pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41,521/- (നാല്പത്തിയൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്നു രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

## 1)ബജറ്റും ബജറ്റ് നിയന്ത്രണവും (Budget and Budgetory Control)

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.03.18 ലെ 4(1) നമ്പർ തീരുമാനത്തെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഭരണസമിതി 19.03.18 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. 15.03.18 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഹാളിൽ രാവിലെ 10 മണിക്ക് ചേർന്ന പ്രത്യേക യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് (ചെയർമാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(1എ) വകുപ്പ് പ്രകാരം 2018-19 ലെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. തുടർന്ന് ചർച്ചകൾ നടന്നതായി ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും 19.03.18ൽ ബജറ്റ് അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുമ്പോഴോ, നിലവിലെ വരുമാനത്തിൽ മാറ്റം വരുമ്പോഴോ അനുപൂരകമോ/പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കേണ്ടതുണ്ട് എന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-1(iv) ഉം കേരള പഞ്ചായത്ത് രാജ് നിയമം 214(5) വകുപ്പും വ്യക്തമാക്കുന്നു. എന്നാൽ 28.04.18 ലെ 15(1)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് നികുതി നിശ്ചയിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്റർ കണക്കെ നികുതി നിശ്ചയിച്ച് ഉത്തരവായപ്പോഴോ (സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ - 50 രൂപ/ച.മീ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ -160 രൂപ/ ച.മീ etc), 19.11.18 ലെ 19(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം പരസ്യ ബോർഡുകൾ പ്രദർശിപ്പിക്കുന്നതിന് ലൈസൻസ് ഫീസ് നിശ്ചയിച്ച് ഉത്തരവായപ്പോഴോ പുതുക്കിയതോ/അനുപൂരകമോ ആയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുകയോ ഭരണസമിതി മുമ്പാകെ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2018-19 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 15.02.19 ൽ ചേർന്ന യോഗത്തിലെ തീരുമാനം 3(1) അനുസരിച്ച് 2018-19 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

## 2) അക്കൗണ്ടിംഗ്

ഗ്രാമപഞ്ചായത്ത് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ് , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം അതിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3) നികുതി ചുമത്തലും നിയന്ത്രണാധികാരവും

ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് നികുതി ചുമത്തുന്നതിനുള്ള അധികാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് 1996 ൽ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും, ഈടാക്കലും, അപ്പീലും) ചട്ടങ്ങളും സർക്കാർ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നികുതി ചുമത്തുവാൻ പഞ്ചായത്ത് കൊണ്ടുവരുന്ന പ്രമേയം പാസാക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ട്.

പ്രസ്തുത ചട്ടപ്രകാരം ആദ്യമായി നികുതി ചുമത്തിക്കൊണ്ടോ, നിലവിലിരിക്കുന്ന നികുതി നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടോ പ്രമേയം പാസാക്കുന്നതിന് മുൻപായി അതിന്റെ ഉദ്ദേശത്തെപ്പറ്റി പഞ്ചായത്ത് കുറഞ്ഞത് ആ പ്രദേശത്തെ പ്രധാന ഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വർത്തമാന പത്രത്തിലും പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും മറ്റും ഒരു നോട്ടീസ് ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തുന്നതിനോടൊപ്പം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് മുപ്പത് ദിവസത്തിൽ കുറയാത്ത കാലം അനുവദിക്കേണ്ടതാണെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നികുതി ചുമത്തിക്കൊണ്ടുള്ള പ്രമേയം ഏത് തീയതി മുതലാണ് പ്രയോഗത്തിൽ വരിക എന്നും വ്യക്തമാക്കേണ്ടതുണ്ട്.

എന്നാൽ 28.04.18 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 15(1) പ്രകാരം, വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് നികുതി നിശ്ചയിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്റർ കണക്കെ നിരക്ക് നിശ്ചയിച്ച് നൽകിയ അവസരത്തിൽ മേൽ വിവരിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചിട്ടില്ല. പ്രത്യേകിച്ചും നികുതി നിരക്ക് ഏത് തീയതി മുതൽ പ്രബല്യത്തിൽ വരും എന്ന് വ്യക്തമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പ്രധാന നികുതി വരുമാനമായ തൊഴിൽ നികുതി ഈടാക്കുന്നതിലും, വസ്തുനികുതി നിർണ്ണയിക്കുന്നതിലും ചട്ടവ്യവസ്ഥകൾ [1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ] പാലിക്കാത്തത് കാരണം ന്യായമായും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം യഥാവിധി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ഗ്രാമപഞ്ചായത്തുകൾക്ക് ചില നിയന്ത്രണ അധികാരങ്ങൾ നൽകിയിട്ടുണ്ട്. നിയമത്തിന്റെ മൂന്നാം പട്ടിക പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക, അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക തുടങ്ങിയവ ഇപ്രകാരമുള്ള നിയന്ത്രണ അധികാര പരിധിയിൽ വരുന്നതാണ്. ഈ നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് വിവിധ തരത്തിലുള്ള ഫീസുകൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ കഴിയുന്നു. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ ഇപ്രകാരമുള്ള നിയന്ത്രണ അധികാരത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമവ്യവസ്ഥകളാണ്.

ഗ്രാമപഞ്ചായത്ത് നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്ന സമയത്ത് വരുത്തിയ വീഴ്ചകൾ ഉദാഹരണങ്ങൾ സഹിതം ഈ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

4) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ്, ലക്ഷ്യങ്ങൾ നിർണ്ണയിച്ച്, സാധ്യതകൾ കണ്ടെത്തി, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിനെയാണ് പൊതുവെ ആസൂത്രണം എന്ന് വിവക്ഷിക്കുന്നത്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതുമായ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളെ ഭാരമേൽപ്പിച്ചിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകളും പട്ടികവർഗ്ഗ വികസനത്തിനു മാത്രമായി ഒരു വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിരുന്നു. ഇപ്രകാരം രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വികസന മേഖലയിൽ അവസ്ഥാരേഖയും (Status Report) തയ്യാറാക്കിയിരുന്നു. പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) ഒരു പ്രൊജക്ടും വിഭാവനം ചെയ്യുകയുണ്ടായില്ല. എന്നാൽ പഞ്ചായത്ത് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ അന്തിമ പദ്ധതി രേഖ പ്രകാരം ഈ മേഖലയിൽ വ്യവസായ പാർക്ക് വിപുലീകരണം, വിദഗ്ധതൊഴിൽ പരിശീലനം എന്നീ പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയുണ്ടായി.

പട്ടികജാതി വികസന മേഖലയിൽ അവസ്ഥാരേഖ (Status Report) "പട്ടികജാതിക്കാരുടെ പാരമ്പര്യ തൊഴിൽ സംരക്ഷണം" വിഭാവനം ചെയ്തപ്പോൾ അന്തിമ പദ്ധതി രേഖ പ്രകാരം ഈ മേഖലയിൽ "എല്ലാവർക്കും സ്ഥലവും വീടും" ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ മേഖലയിൽ എന്നാൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പദ്ധതി പ്രവർത്തനങ്ങൾ (ഉദാ: പ്രൊജക്ട് നമ്പർ-30/19-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ, പ്രൊജക്ട് നമ്പർ-34/19- പട്ടികജാതി വിദ്യാർത്ഥകൾക്ക് പഠനമുറി) ഗ്രാമപഞ്ചായത്ത് 2018-19 ൽ ഏറ്റെടുത്ത് നടത്തുകയുണ്ടായി.

29.01.18 ലെ സ.ഉ(കൈ)നം.11/18/തസ്വഭവ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം ബഡ്ജറ്റ് അംഗീകരിക്കുന്നതിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്.

അതായത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ/ഭേദഗതി ശുപാർശ ചെയ്യപ്പെട്ടാൽ പ്രസ്തുത നിർദ്ദേശങ്ങൾ/ ഭേദഗതികൾ ഉൾപ്പെടുത്തിയ പുതുക്കിയ ബഡ്ജറ്റ് പാസാക്കാൻ ഗ്രാമപഞ്ചായത്തിന് ബാധ്യതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. [ഉദാ: (i) 28.04.18 ലെ തീരുമാനം 17(3) പ്രകാരം 75 പദ്ധതികൾ സ്പിൽ ഓവറായി 2018-19 ൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ബഡ്ജറ്റ് പുതുക്കിയില്ല. (ii)31.08.18 ലെ തീരുമാനം 2(1) പ്രകാരം മഴക്കാല കെടുതികളിൽ നാശനഷ്ടം സംഭവിച്ച ആസ്തികൾ പുനരുദ്ധരിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി പുതിയ പദ്ധതികൾ (32 എണ്ണം) ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. ബഡ്ജറ്റ് പുതുക്കിയില്ല.]

പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 വ്യക്തമാക്കുന്നു. എന്നാൽ ഇപ്രകാരം മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

# 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2019 | 27.08.19 മുതൽ 29.08.2019 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.11.2016 | 2011-12 മുതൽ 2015-16 വരെ | 07.01.2017 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 26,55,612 | 19,20,478 | 69,478 | 6,88,779 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 26,55,612 | 19,20,478 | 1,74,325 | *6,90,076 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(724580/ 105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 36,82,165 | 24,88,173 | 80,682 | 11,22,661 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 36,82,165 | 24,88,173 | 56,075 | *11,23,626 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(1179807 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12,60,001 | 6,55,305 | 6,28,895 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *16,84,398 | 6,55,305 | 6,31,468 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (687500+1081118= 1768618/105* 100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (663041/105X100) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15,91,516 | 4,62,395 | 11,33,376 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 16,92,717 | 4,62,395 | 11,34,201 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (606329+1171024= 1777353/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (1190911/105X100) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 136262 | 68,160 | 2,04,422 | 97,493 | 33,265 | 1,30,758 | 3,568 | | 35,801 | 34,146 | 72,370 |
| | നോൺ-റെസിഡൻഷ്യൽ | 1,85,961 | 80,788 | 2,66,749 | 1,24,886 | 23,200 | 1,48,086 | 3,819 | | 57,146 | 57,535 | 1,17,058 |
| | ആകെ | | | 4,71,171 | | | 2,78,844 | 7,387 | | | | 1,89,428 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 4,95,882 | | | 278844 | | 278844 | | | 1,89,428 |
| | | 173659+322223 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance collection of revenues – Property tax on Residential building | 41,997 | 40,192 |
| 2 | 350410104- Advance collection of revenues – Property tax on Non-Residential building | 11,153 | 10,715 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം

സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 344 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 51,865 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800482 | 31-03-2019 | 40,712 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800483 | 31-03-2019 | 11,153 |

2.8 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 37,58,339 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 1,78,969* (*3758339/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1,89,428 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent from Building | 23,74,454 | 01-04-2018 | 41800599 |
| | | | | | |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ലൈബ്രറി രജിസ്റ്റർ

4.6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4.8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.9 വാട്ടർ ചാർജ്ജസ്

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 305107 |
| 280100104-Prior period income-Property tax on non residential buildings | 131185 |
| 280200101-Prior period income-Rent from Building | (10800) |
| 280200301-Prior period income-Water Charges | (9848) |
| 280200401-Prior period income-Other income | (3100) |
| 280200402-Prior period income Recovery of un utilized Grants | (6000) |
| 280600401-Prior period- expenses | 6000 |

| | |
|---|---|
| Recovery of un utilized Grants to Government | |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയോ, ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്നതോ ആയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8.വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21372329 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28193007 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9.തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി രജിസ്റ്റർ പ്രകാരം 31/3/19ൽ 60740 രൂപ കുടിശ്ശികയുണ്ട്. തൊഴിൽ നികുതി (ജീവനക്കാർ) തുക യഥാർത്ഥത്തിൽ സ്വീകരിക്കുമ്പോൾ മാത്രം വരുമാനമായി ചേർത്താൽ മതിയെന്ന്, പഞ്ചായത്തുകൾ പിന്തുടരേണ്ടുന്ന അക്കൗണ്ടിങ്ങ് നയങ്ങളിൽ, വ്യക്തമാക്കിയിട്ടുള്ളതിനാൽ (സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011) ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

10. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 6,89,90,288 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 6070819 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു..

ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 6070819 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 6070819 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

11.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 63,786 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

11.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

12. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 190106 | 05-02-18 | 960 |
| 189897 | 22-12-2017 | 250 |
| 1918199 | 11-09-18 | 74,943 |

| | | |
|---|---|---|
| 224832 | 15-09-18 | 5,000 |
| 224824 | 05-09-18 | 4,000 |

12.1 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 4340 രൂപ (Vr.No.1 തിയ്യതി:31-03-2010) "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

13.അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 667757 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയ പ്രോജക്ടുകളുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ആയതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

# 1-13 ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ എഴുതി പൂർത്തീകരിക്കുന്നില്ല

1996ലെ പഞ്ചായത്ത് രാജ് നിയമം 3, 3(എ), 3(ബി) എന്നീ വകുപ്പുകൾ പ്രകാരം ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കിയിട്ടുള്ളതാണ്. നിയമപ്രകാരമുള്ള ബാധ്യത ഗ്രാമസഭ നിർവ്വഹിച്ചോ എന്നറിയാൻ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ഏറ്റവും ആധികാരികമായ രേഖയാണ് ഗ്രാമസഭകളുടെ മിനുട്സ് ബുക്ക്. എന്നാൽ ഗ്രാമപഞ്ചായത്തിലെ, ഗ്രാമ സഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഓരോ ഗ്രാമ സഭാ അവസാനിക്കുമ്പോഴും ബന്ധപ്പെട്ട ഗ്രാമസഭാ കോ-ഓർഡിനേറ്റർമാർ, മിനിറ്റ്സ് അവസാനിപ്പിച്ച് ഒപ്പുവെച്ചിട്ടില്ല.
2. ഓരോ ഗ്രാമ സഭാ അവസാനിക്കുമ്പോഴും, മിനിറ്റ്സിൽ അനേകം പേജുകൾ ഒഴിച്ചിട്ടിരിക്കുന്ന പ്രവണത വ്യാപകമാണ്.
3. താഴെ പറയുന്ന ഗ്രാമസഭകൾ ക്വാറം തികയാതെയാണ് യോഗംചേർന്നിട്ടുള്ളത്

   വാർഡ് നമ്പർ:14 തിയ്യതി:22-02-2019

   വാർഡ് നമ്പർ:15 തിയ്യതി:25-02-2019

   വാർഡ് നമ്പർ:22 തിയ്യതി:03-06-2018

   വാർഡ് നമ്പർ:22 തിയ്യതി:08-11-2018.

   മാസംതോറും പെർഫോർമൻസ് ഓഡിറ്റ് സംവിധാനം പരിശോധന നടത്തുന്നുണ്ടെങ്കിലും ഇത്തരത്തിൽ ആവർത്തിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല. ആയതിനാൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് വിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് 30-09-2019 ന് നൽകിയ 29-ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ലാത്തതാണ്.

# 1-14 രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 17-09-2019 വരെയുള്ള സാംഖ്യ, മാനുവൽ രസീതുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 19/02/2019 ലെ ഡേബുക്കിന്റെ പരിശോധനയിൽ 118050106892, 118050106894 എന്നീ മെഷീൻ നമ്പർ ചെയ്യപ്പെട്ട രസീതുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ രസീതുകൾക്കിടയിൽ വരേണ്ടതായ 118050106893 നമ്പർ രസീത് ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം തന്നെ 02/05/2019 ലെ ഡേബുക്കിന്റെ പരിശോധനയിൽ 118050101038, 118050101040 എന്നീ മെഷീൻ നമ്പർ ചെയ്യപ്പെട്ട രസീതുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ രസീതുകൾക്കിടയിൽ വരേണ്ടതായ 118050101039 നമ്പർ രസീത് ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടി രസീതുകൾ കാൻസൽഡ് രസീതുകൾ സൂക്ഷിരിക്കുന്ന രജിസ്റ്ററിലും ഇല്ല. ടി രസീതുകൾ കാൻസൽ ചെയ്തത് മൂലം സ്റ്റേഷനറി നഷ്ടമായതായും സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിലുകളുടെ പരിശോധനയിൽ കണ്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നമ്പർ: 23/28.09.19 ) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. എന്നാൽ താഴെ പറയുന്ന മാനുവൽ രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിട്ടില്ല.
(എ) രസീത് ബുക്ക് നമ്പർ-6638, 38 മുതൽ 87 വരെയുള്ള രസീതുകൾ.
(ബി) രസീത് ബുക്ക് നമ്പർ-6646, 10 മുതൽ 100 വരെയുള്ള രസീതുകൾ.

മേൽ അപാകതകൾക്ക് പ്രത്യേകിച്ചും ക്രമനമ്പർ 1 ൽ പ്രസ്താവിച്ച അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-15 ഇ.എം.ഡി.യായി ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചില്ല

വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ വിളിക്കുമ്പോൾ ഇ.എം.ഡി ഇനത്തിൽ ലഭ്യമായ ഡിമാന്റ് ഡ്രാഫ്റ്റുകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ അതാത് പ്രൊജക്ട് ഫയലിൽത്തന്നെ സൂക്ഷിച്ച രീതിയിൽ പരിശോധനയിൽ കാണുകയുണ്ടായി. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ , പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് പ്രകാരം ടെണ്ടർ ലഭിച്ച സ്ഥാപനം | ഇ.എം.ഡി. തുക രൂപയിൽ | ഡി.ഡി.നം |
|---|---|---|---|---|
| 1 | 21/19-സ്കൂളുകൾക്കും ഘടക സ്ഥാപനങ്ങൾക്കും വാട്ടർ ഫിൽട്ടർ | കെ.എഫ്.ഏജൻസീസ്, പാലക്കാട് | 9000 | 496792/22.10.18, കാരൂർ വൈശ്യ ബാങ്ക്, പാലക്കാട് |
| | | | 9000 | 675707/19.09.18, എസ്.ബി.ഐ, പാലക്കാട് |
| 2 | 23/19- പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | നെസ്റ്റ് സിസ്റ്റംസ് & സൊല്യൂഷൻസ്, തൃശ്ശൂർ | 3750 | 105782/24.04.18, സൗത്ത് ഇന്ത്യൻ ബാങ്ക്, തൃശ്ശൂർ |
| ആകെ | | | 21750 | |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 19(1) പ്രകാരം ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരുദ്യോഗസ്ഥന്റെയും ഉത്തരവാദിത്വത്തിൽ നടന്ന ഏത് പണമിടപാടും യാതൊരു വീഴ്ചയുമില്ലാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം 20(2)(എ) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിന് വേണ്ടി ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ഇൻഡ്യൻ പോസ്റ്റൽ ഓർഡർ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ മുഖേന പണം

സ്വീകരിക്കുമ്പോൾ ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി യാതൊരു വീഴ്ചയുമില്ലാതെ രസീതി നൽകേണ്ടതാണ്. ചട്ടം 21(3) പ്രകാരം പഞ്ചായത്തിന് ലഭിച്ച ചെക്ക് /ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ചട്ട വ്യവസ്ഥകൾ ഇപ്രകാരമാണെങ്കിലും മുകളിൽ പരാമർശിച്ച ഇൻസ്ട്രുമെന്റുകളിൽ ഇവ പാലിച്ചിട്ടില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ന്യായമായും മുതൽക്കൂട്ടേണ്ട 21750 രൂപ നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. ചട്ടവിരുദ്ധമായ പ്രവർത്തനം മൂലം പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കാതെ നഷ്ടപ്പെടുത്തിയ 21750 രൂപ വരവ് വെയ്ക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ വരുമാന പത്രികകൾ പരിശോധിച്ചത് പ്രകാരം സ്ലാബിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(a) നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ

| ക്രമ നം. | പേര്, തസ്തിക | അർദ്ധവാർഷിക ശമ്പളം | | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | പ്രീതി രാംമോഹൻ, വൈസ് പ്രിൻസിപ്പാൾ | 63000 | 78000 | 600 | 750 | 300 | 600 | 300 | 150 |
| 2 | ആശ.സി.ടീച്ചർ | 51000 | 66000 | 450 | 600 | 300 | 450 | 150 | 150 |
| 3 | മഞ്ജു.പി., ടീച്ചർ | 51000 | 66000 | 450 | 600 | 300 | 450 | 150 | 150 |
| 4 | സുജാത.കെ.ബി., ടീച്ചർ | 51000 | 66000 | 450 | 600 | 300 | 450 | 150 | 150 |
| 5 | ഉഷാകുമാരി.പി., ടീച്ചർ | 45000 | 60000 | 450 | 600 | 300 | 450 | 150 | 150 |
| 6 | ദീപ.ടി.പി., ടീച്ചർ | 51000 | 66000 | 450 | 600 | 300 | 450 | 150 | 150 |
| 7 | ആര്യ.പി.കെ., ടീച്ചർ | 33000 | | 300 | | 180 | | 120 | |
| 8 | ശാരിക.കെ., ടീച്ചർ | 39000 | 54000 | 300 | 450 | 180 | 300 | 120 | 150 |
| 9 | വിനിത.വി., ടീച്ചർ | 39000 | 54000 | 300 | 450 | 180 | 300 | 120 | 150 |
| 10 | ജയലക്ഷ്മി.വി., ടീച്ചർ | 51000 | 66000 | 450 | 600 | 300 | 450 | 150 | 150 |
| 11 | ഭവ്യ.വി., ടീച്ചർ | 33000 | | 300 | | 180 | | 120 | |
| 12 | ശോഭ.കെ., ടീച്ചർ | 45000 | 60000 | 450 | 600 | 300 | 450 | 150 | 150 |
| 13 | ഗീത ജയപ്രകാശ്, ടീച്ചർ | 57000 | 72000 | 450 | 600 | 300 | 450 | 150 | 150 |
| 14 | ശ്യാമള ബാലകൃഷ്ണൻ, ടീച്ചർ | 57000 | 72000 | 450 | 600 | 300 | 450 | 150 | 150 |
| 15 | പ്രിയ.പി.നമ്പ്യാർ, ടീച്ചർ | 33000 | | 300 | | 180 | | 120 | |
| 16 | ബിന്ദു.ടി.എൻ, ടീച്ചർ | 57000 | 72000 | 450 | 600 | 300 | 450 | 150 | 150 |
| 17 | ഭാഗ്യലക്ഷ്മി.എൻ, ടീച്ചർ | 33000 | | 300 | | 180 | | 120 | |
| 18 | ഗണേഷ്.എം., ടീച്ചർ | 39000 | | 300 | | 180 | | 120 | |
| 19 | ദീപ.ആർ., ലൈബ്രേറിയൻ | 21000 | 30000 | 180 | 300 | 120 | 120 | 60 | 180 |
| 20 | രാമകൃഷണൻ.കെ.ആർ. | | 36000 | | 300 | | 150 | | 150 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | വാച്ച്മാൻ | | | | | | | | |
| 21 | സുധ.കെ.കെ., ക്ലാർക്ക് | | 36000 | | 300 | | 180 | | 120 |
| 22 | സിന്ധു രമേഷ്.എം., പ്രിൻസിപ്പാൾ | | 150000 | | 1250 | | 750 | | 500 |
| 23 | വിദ്യ.കെ. , ടീച്ചർ | | 60000 | | 600 | | 450 | | 150 |
| 24 | ഗീത രാമദാസ്, ടീച്ചർ | | 60000 | | 600 | | 450 | | 150 |
| 25 | ഗണേഷ്.എം., ടീച്ചർ | | 54000 | | 450 | | 300 | | 150 |
| ആകെ | | | | | | | | 2700 | 3350 |

(b) ഹോട്ടൽ രാജ് റീജൻസി. പഴയന്നൂർ

| ക്രമ നം. | പേര്, തസ്തിക | അർദ്ധവാർഷിക ശമ്പളം | | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | വിജയകുമാർ, ജനറൽ മാനേജർ | 156000 | 162000 | 1250 | 1250 | 180 | 180 | 1070 | 1070 |
| 2 | ഷീജ ഗിരീഷ്, കാഷ്യർ | 37800 | 73560 | 300 | 600 | 120 | 120 | 180 | 480 |
| 3 | സൗരഭ്യ റിജോ, ഫ്രന്റ് ഓഫീസ് | 36876 | 65700 | 300 | 600 | 120 | 120 | 180 | 480 |
| 4 | പ്രദീപ്.പി.എൻ., ബാർമാൻ | 36876 | 73560 | 300 | 600 | 120 | 120 | 180 | 480 |
| 5 | സതീഷ്.ഇ., ബാർമാൻ | 36876 | 73560 | 300 | 600 | 120 | 120 | 180 | 480 |
| 6 | ഗോപീകൃഷ്ണൻ, ബില്ലിംഗ് | 35976 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 7 | ജലജ.കെ., ബില്ലിംഗ് | 35976 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 8 | രവികുമാർ, കുക്ക് | 35976 | 73560 | 300 | 600 | 120 | 120 | 180 | 480 |
| 9 | പ്രവീൺ, അസിസ്റ്റന്റ് കുക്ക് | 35976 | 65700 | 300 | 600 | 120 | 120 | 180 | 480 |
| 10 | രഘു.എം.എൻ, പർച്ചേസർ | 36876 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 11 | അനീഷ്.കെ.,വെയ്റ്റർ | 35976 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 12 | സുഭാഷ്.കെ.,വെയ്റ്റർ | 35976 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 13 | മോഹനൻ.ജി., വെയ്റ്റർ | 35976 | 60660 | 300 | 600 | 120 | 120 | 180 | 480 |
| 14 | രാജി വിജയകുമാർ, ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 15 | ശ്രീജ രവി, ക്ലീനർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 16 | ലത ഉണ്ണികൃഷ്ണൻ, ക്ലീനർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 17 | ഷജിത, ക്ലീനർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 18 | ശാലിനി.കെ.എസ്, ക്ലീനർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 19 | സുമിത്ര.ഒ.ആർ., | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ക്ലീനർ | | | | | | | | |
| 20 | പ്രീതി വിജയകുമാർ, ക്ലീനർ | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| 21 | ബാലസുബ്രഹ്മണ്യൻ, സെക്യൂരിറ്റി | 35976 | 54540 | 300 | 450 | 120 | 120 | 180 | 330 |
| | | | | | | | ആകെ | 4670 | 9470 |

(c) നവോദയ മെഡിക്കൽ സെന്റർ, പഴയന്നൂർ

| ക്രമ നം. | പേര്, തസ്തിക | അർദ്ധവാർഷിക ശമ്പളം | | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | രേഷ്മ, ലാബ് ടെക്നീഷ്യൻ | 59000 | | 450 | | 300 | | 150 | |
| 2 | സുജാത, ലാബ് ടെക്നീഷ്യൻ | | 55000 | | 450 | | 300 | | 150 |
| ആകെ | | | | | | | | 150 | 150 |

(d) ആതിര മെഡിക്കൽസ്, പഴയന്നൂർ

| ക്രമ നം. | പേര്, തസ്തിക | അർദ്ധവാർഷിക ശമ്പളം | | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | ജയശ്രീ.ടി., ഉടമ | | 29978 | | 180 | | 120 | | 60 |
| 2 | കെ.ശിവകുമാർ, ഫാർമസിസ്റ്റ് | | 29978 | | 180 | | 120 | | 60 |
| ആകെ | | | | | | | | | 120 |

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2018-19 ലെ ഒന്ന്/ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

a.സ്റ്റേറ്റ് സീഡ് ഫാം,. പഴയന്നൂർ – രണ്ടാം അർദ്ധവർഷം
b. അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ , പഴയന്നൂർ – രണ്ടാം അർദ്ധവർഷം
c. കനറാ ബാങ്ക്, എളനാട് – രണ്ടാം അർദ്ധവർഷം
d. CISTAM, പഴയന്നൂർ – ഒന്നും രണ്ടും അർദ്ധവർഷങ്ങൾ
e. ബിവിനിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കല്ലേപ്പാടം – രണ്ടാം അർദ്ധവർഷം
f. അന്നപൂർണ്ണ സൂപ്പർമാർക്കറ്റ് – രണ്ടാം അർദ്ധവർഷം
g.SML ഫിനാൻസ് ലിമിറ്റഡ്, പഴയന്നൂർ- ഒന്നാം അർദ്ധവർഷം

3. 2018-19 വർഷത്തിൽ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് വാങ്ങുകയോ തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാധ്യതപ്പെട്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

4. പഞ്ചായത്ത് പ്രദേശത്തെ റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള ഈടാക്കാത്ത തൊഴിൽ നികുതി/ ഈടാക്കിയതിൽ കുറവു വന്നത് എന്നിവ വസൂലാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.22/28.09.19) മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് ശുപാർശകൾ</u>

1. മേൽ ഖണ്ഡിക (1)ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ള തുകയും, മേൽ ഖണ്ഡിക (2) ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ ഈടാക്കാതിരുന്ന തൊഴിൽനികുതിയും കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പിൽ നൽകിയ അധികാര വ്യവസ്ഥകൾ പ്രകാരം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ തൊഴിലുടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 257(1)-ാം വകുപ്പ് ആറാം പട്ടികയിൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരം പിഴ ഈടാക്കേണ്ടതുമാണ്.

2. കേരള പഞ്ചായത്ത് രാജ് നിയമം 205ബി വകുപ്പ് പ്രകാരം നോട്ടീസ് നൽകി സെക്രട്ടറി പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിൽ നിന്നും അവരുടെ വരുമാനമനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെയും വസ്തുനികുതി നിർണ്ണയത്തിലെയും അപാകതകൾ

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നം.12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ടി സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

i. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോൻഡൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ii. കുറിപ്പുകൾ അപേക്ഷയിൽത്തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

iii. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വെ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, പാർക്കിംഗ്, കവറേജ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്ന് റിപ്പോർട്ട്

ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

iv. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

v. 30.10.2012 ലെ നമ്പർ 59177/ആർ.എ.1/2013/തസ്വഭവ., 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ.1/2013/ തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

vi. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

vii. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ ലെ ചട്ടം 15എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്നപക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

viii. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ട് പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകാൻ പാടുള്ളതല്ല. ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ചവയുടെ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതി മുതൽ നമ്പറിംഗ് വരെയുള്ള നടപടികളിൽ മേൽ സർക്കുലറിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല എന്ന് ബോധ്യമായി. അപേക്ഷകളിൽ നോട്ട് ഫയൽ പരിപാലിക്കുകയോ കൃത്യമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിധത്തിൽ രേഖപ്പെടുത്തലുകൾ നടത്തുകയോ ചെയ്യുന്നില്ല. അത് മൂലം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലും വസ്തുനികുതി നിർണ്ണയത്തിലും അപാകതകൾ സംഭവിക്കുന്നു. ഉദാഹരണമായി ശ്രീ.സുനിത് റഹ്മാൻ S/o മൊയ്തുഹാജി, റംല മൻസിൽ, പഴയന്നൂർ എന്നയാളുടെ പേരിൽ തലപ്പിള്ളി താലൂക്കിൽ പഴയന്നൂർ വില്ലേജിൽ പഴയ സർവ്വെ നമ്പർ 1133/1 ൽ (പഴയന്നൂർ ഗ്രാമപഞ്ചായത്ത് 22-ാം വാർഡിൽ) ഉള്ള 0.0708 ഹെക്ടർ സ്ഥലത്ത് Residential cum Mercantile ബിൽഡിംഗിന് നിർമ്മാണാനുമതി നൽകിയതിലും വസ്തുനികുതി നിർണ്ണയിച്ചതിലുമുള്ള അപാകതകൾ താഴെ ചേർക്കുന്നു.

മേൽ സ്ഥലത്ത് Residential cum Mercantile ബിൽഡിംഗ് പണിയുന്നതിന് ടിയാൾ സമർപ്പിച്ച പ്ലാൻ പ്രകാരം നിർദ്ദിഷ്ട കെട്ടിടത്തിന്റെ അളവുകൾ താഴെ പറയും പ്രകാരമാണ്.

| | പ്ലിന്ത് ഏരിയ | ഫ്ലോർ ഏരിയ |
|---|---|---|
| കൊമേഴ്ഷ്യൽ | | |
| ബേസ് മെന്റ് ഏരിയ | 322.15 ച.മീ. | 296.69 ച.മീ. |
| ഗ്രൗണ്ട് ഫ്ലോർ | 335.07 ച.മീ. | 273.51 ച.മീ. |
| ഫസ്റ്റ് ഫ്ലോർ | 399.03 ച.മീ. | 230.83 ച.മീ. |
| സെക്കന്റ് ഫ്ലോർ | 433.44 ച.മീ. | 210.42 ച.മീ. |
| ടെറസ് ഫ്ലോർ | 39.19 ച.മീ. | 32.79 ച.മീ. |
| ആകെ | 1528.88 ച.മീ. | 1044.24 ച.മീ. |
| റെസിഡൻഷ്യൽ | | |
| ഫസ്റ്റ് ഫ്ലോർ | 79.98 ച.മീ. | 55.04 ച.മീ. |
| സെക്കന്റ് ഫ്ലോർ | 52.82 ച.മീ. | 41.32 ച.മീ. |

| | | |
|---|---|---|
| ആകെ | 132.80 ച.മീ. | 96.36 ച.മീ. |

മേൽ അപേക്ഷയെത്തുടർന്ന് അപേക്ഷകന് A4-9293/15 തീയതി 28-12-15 നമ്പറായി Residential Cum Mercantile എന്ന വിഭാഗത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു. ടി പെർമിറ്റ് പ്രകാരം നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ അളവുകൾ താഴെ ചേർക്കുന്നു.

| ബേസ് മെന്റ് | |
|---|---|
| ബേസ് മെന്റ് ഫ്ലോർ | 322.15 ച.മീ. |
| ഗ്രൗണ്ട് ഫ്ലോർ | 335.07 ച.മീ. |
| ഫസ്റ്റ് ഫ്ലോർ | 399.03 ച.മീ. |
| സെക്കന്റ് ഫ്ലോർ | 433.44 ച.മീ. |
| ടെറസ് ഫ്ലോർ | 39.19 ച.മീ. |
| ആകെ | 1528.88 ച.മീ. |

കെട്ടിട നിർമ്മാണ ശേഷം അപേക്ഷകൻ 26/06/18 ന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൽ സ്ഥലം പരിശോധിച്ചതായും, നേരത്തെ നിർമ്മാണാനുമതി വാങ്ങിയതായും, കൊമേഴ്ഷ്യൽ / റെസിഡൻഷ്യൽ ബിൽഡിംഗ് ആയി നിർമ്മാണം നടത്തിയിരിക്കുന്നതായും കെ.പി.ബി.ആർ ന് അനുസൃതമാണെന്നും കൂടാതെ ഫയൽ എൻ.ഒ.സി. വാങ്ങിയിട്ടുണ്ടെന്നും സംഭരണി നിർമ്മിച്ചിട്ടുണ്ടെന്നും ആയതിനാൽ ഒക്യുപെൻസി നൽകാവുന്നതാണെന്നും ഏരിയ താഴെ പറയും പ്രകാരമാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തു.

| | കൊമേഴ്ഷ്യൽ | റെസിഡൻഷ്യൽ |
|---|---|---|
| ബേസ് മെന്റ്-കാർ പാർക്കിംഗ് | 322.15 ച.മീ. | |
| ഗ്രൗണ്ട് ഫ്ലോർ | 335.07ച.മീ. | |
| ഫസ്റ്റ് ഫ്ലോർ | 399.03 ച.മീ. | 88.71 ച.മീ. |
| സെക്കന്റ് ഫ്ലോർ | 433.44 ച.മീ. | 100.18 ച.മീ. |
| സ്റ്റെയർ കാബിൻ | 39.19 ച.മീ. | |
| ആകെ | 1528.88ച.മീ. | 188.89 ച.മീ. |

കെട്ടിട നമ്പറിനുള്ള അപേക്ഷയിൽ പൂർത്തീകരണ പ്ലാൻ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയതിനാലും കെ.പി.ബി.ആർ 2011, കെ.പി.ആർ 220(ബി) എന്നിവ പാലിച്ച് നിർമ്മാണം നടത്തിയിട്ടുള്ളതിനാലും നമ്പർ അനുവദിക്കാമെന്നും കെട്ടിടം സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണെന്നും എ1-സെക്ഷൻ 31/07/18-ന് റിപ്പോർട്ട് ചെയ്യുകയും ആയത് മേലുദ്യോഗസ്ഥർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം എന്നത് താഴെ പറയും പ്രകാരമാണ്.

റെസിഡൻഷ്യൽ -188.89 (Existing)
കൊമേഴ്ഷ്യൽ – 1528.88 (completed)

തുടർന്ന് കമേഴ്ഷ്യൽ കെട്ടിടത്തിന് താഴെ പറയും പ്രകാരം വസ്തുനികതി നിർണ്ണയിക്കുകയും മൂന്ന് കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| കെട്ടിട നമ്പർ | 22/855B | 22/855C | 22/855D |
|---|---|---|---|
| നില | താഴത്തെ നില | ഒന്നാം നില | രണ്ടാം നില |
| വിസ്തീർണ്ണം | 374.26 | 399.03 | 433.44 |
| നിരക്ക്/ച.മീ. | 80 | 80 | 80 |
| വസ്തുനികുതി | 29940.80 | 31922.40 | 34675.20 |
| 5 മീറ്റർ റോഡിന്റെ അടിസ്ഥാനത്തിലുള്ള | 5988.16 | 6384.48 | 6935.04 |

| | | | |
|---|---|---|---|
| വർദ്ധനവ് – 20% | | | |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് – 15% | 4491.12 | 4788.36 | 5201.28 |
| അടിസ്ഥാന വസ്തുനികുതി | 40420 | 43095 | 46812 |
| ഒന്നാം നില – 5% ഇളവ്, രണ്ടാം നില -10% ഇളവ് | 0 | 2155 | 4681.20 |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ബാധകമായ അടിസ്ഥാന വസ്തുനികുതി | 40420 | 40940 | 42131 |
| ലൈബ്രറി സെസ് | 2021 | 2047 | 2107 |
| സഞ്ചയ പ്രകാരമുള്ള ബിൽഡിംഗ് ഐ,ഡി.നം. | 50738010017170 | 50738010017171 | 50738010017172 |

മേൽ കെട്ടിടങ്ങൾക്ക് 2018-19 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി ചുമത്തിയിട്ടുണ്ട്.

മേൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലും സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. ബിൽഡിംഗ് പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ പ്രകാരം Residential cum Mercantile കെട്ടിടത്തിനാണ് നിർമ്മാണാനുമതി തേടിയിരിക്കുന്നത്. റെസിഡൻഷ്യൽ, കൊമേഴ്സ്യൽ ഭാഗങ്ങളുടെ വിസ്തീർണ്ണങ്ങൾ പ്ലാനിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്. എ4-9293/15 തീയതി 28-12-2015 ലെ പെർമിറ്റ് പ്രകാരം Residential Cum Mercantile എന്ന വിഭാഗത്തിലാണ് കെട്ടിട നിർമ്മാണാനുമതി നൽകിയതും അപ്രകാരമുള്ള പ്ലാനാണ് അംഗീകരിച്ചതും. എന്നാൽ ടി പെർമിറ്റിൽ കൊമേഴ്സ്യൽ കെട്ടിടത്തിന്റെ അളവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. കെട്ടിട നിർമ്മാണാനുമതിക്ക് സമർപ്പിച്ച പ്ലാനിൽ കവറേജ്, എഫ്.എ.ആർ., പ്ലോട്ടിന്റെ വിസ്തൃതി മുതലായ അടിസ്ഥാന വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃതം ആവശ്യമായ കാർ പാർക്കിംഗ് ഏരിയ, വികലാംഗർക്കുള്ള റാമ്പ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ മുതലായ രേഖപ്പെടുത്തലുകളും പ്ലാനിൽ ഇല്ല. അപാകതകൾ പരിഹരിക്കാതെ പ്ലാൻ അംഗീകരിച്ചു.

3. പെർമിറ്റ് അനുവദിച്ച പ്ലാൻ പ്രകാരവും പൂർത്തീകരണ പ്ലാൻ പ്രകാരവും കെട്ടിടത്തിന്റെ ഒരു നിലയുടെ പരമാവധി നിർമ്മിത വിസ്തീർണ്ണമെന്നത് 433.44+52.82=486.26 ച.മീ.ആണ്.(സെക്കന്റ് ഫ്ലോർ, കൊമേഴ്സ്യൽ + റെസിഡൻഷ്യൽ). ഇതിൽ പരമാവധി നിർമ്മിത വിസ്തീർണ്ണത്തിൽ നിന്നും ഒഴിവാക്കപ്പെടാവുന്ന ഭാഗങ്ങൾ ഉള്ളതായി മേൽ പ്ലാനുകളിൽ കാണിച്ചിട്ടില്ല. അതായത് ടി കെട്ടിടത്തിന് അനവദനീയമായ വ്യാപ്തി (കവറേജ്) എന്നത് ഗണം എഫ് ലെ വാണിജ്യ കെട്ടിടത്തിന് പരമാവധി അനുവദനീയമായ 60% ആണ്. എന്നാൽ ടി കെട്ടിടത്തിന്റെ കവറേജ് എന്നത് 486.26/708 x 100=68.68% ആണ്. പരമാവധി അനുവദനീയമായ വ്യാപ്തിയിൽ കവിഞ്ഞുള്ള നിർമ്മിതിക്ക് അനുമതി നൽകുകയും കെട്ടിടനമ്പർ അനുവദിക്കുകയും ചെയ്തു.

4. കെട്ടിടനമ്പറിനായി സമർപ്പിച്ച അപേക്ഷയിൻമേൽ ഓവർസിയർ നൽകിയ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ കൊമേഴ്സ്യൽ ഭാഗങ്ങളുടെയും റെസിഡൻഷ്യൽ ഭാഗങ്ങളുടെയും അളവുകൾ പറയുന്നുണ്ട്. എന്നാൽ കൊമേഴ്സ്യൽ കെട്ടിടത്തിന് മാത്രമേ കെട്ടിടനമ്പർ അനുവദിക്കുകയും വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളു. റെസിഡൻഷ്യൽ കെട്ടിടത്തെ "Existing" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലും സ്ഥിതി ചെയ്യുന്ന റെസിഡൻഷ്യൽ കെട്ടിടം എന്തുകൊണ്ടാണ് "Existing" എന്ന് രേഖപ്പെടുത്തപ്പെട്ടത് എന്ന് വ്യക്തമാക്കേണ്ടതാണ്. റെസിഡൻഷ്യൽ കെട്ടിടത്തിന് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

5. മേൽ കൊമേഴ്സ്യൽ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ആകെ 1206.73 ച.മീ.ക്ക് മാത്രമാണ് വസ്തുനികുതി കണക്കാക്കിയത്. അതായത് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ, സ്റ്റെയർ കാബിൻ എന്നിവയ്ക്ക് മാത്രമാണ് വസ്തുനികുതി ചുമത്തിയിട്ടുള്ളത്.. കെട്ടിടത്തിനുള്ളിൽ ബേസ് മെന്റിലെ കാർ പാർക്കിംഗ് ഏരിയ (322.15 ച.മീ.)ക്ക് വാണിജ്യ കെട്ടിട നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ 25,772/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.(322.15 x 80 = 25,772/-)

6. മേൽ ഫയലിനൊപ്പം നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല. അതിനാൽ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ, അംഗീകരിച്ച ഉദ്യോഗസ്ഥർ, നടപടി സ്വീകരിച്ച സമയക്രമം മുതലായ വിവരങ്ങൾ ലഭ്യമല്ല. പെർമിറ്റ് ഫീസ് കണക്കാക്കിയ വിവരങ്ങൾ, ആയത് അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. കെട്ടിട നമ്പറിംഗിനുള്ള സ്ഥലപരിശോധന നടത്തിയ വിവരങ്ങൾ അസി.എഞ്ചിനീയർ അംഗീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. ഫയലിനൊപ്പമുള്ള പൂർത്തീകരണ പ്ലാനിൽ ഓവർസിയർ വെരിഫൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് അസി.എഞ്ചിനീയർ, സെക്രട്ടറി എന്നിവർ അംഗീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. ഒക്യുപൻസി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/28.09.19) മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് ശുപാർശകൾ</u>

1. കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിലവിലുള്ള സർക്കുലറിലെ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ അപേക്ഷയ്ക്കൊപ്പവും നോട്ട് ഫയൽ സൂക്ഷിക്കേണ്ടതാണ്. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും, സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെയും വ്യക്തമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഉദാഹരണത്തിലെ കെട്ടിടങ്ങളിൽ നികുതി നിർണ്ണയിക്കാത്ത കെട്ടിട ഭാഗങ്ങൾക്ക് നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

3. 2018-19 ൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല. 2018-19 വർഷത്തിൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് മേൽ ചട്ടത്തിലെ പരമാവധി നിരക്കിൽ അല്ല. ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് പരമാവധി നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിലാണ്. ഇപ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് അടിസ്ഥാനമാക്കിയ പഞ്ചായത്ത് തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.33/30.09.19).

2. 2018-19 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 520 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 357 കച്ചവടസ്ഥാപനങ്ങളാണ് ഉള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ച് കാലികമാക്കേണ്ടതാണ്.

3. മേൽ ചട്ടങ്ങൾ ചട്ടം(6) പ്രകാരം ലൈസൻസിന് അപേക്ഷ സമർപ്പിച്ച ഏതൊരു സ്ഥാപനത്തിനും ലൈസൻസ് നൽകേണ്ടതോ നിരസിക്കേണ്ടതോ ആയി അധികാരപ്പെടുത്തിയിരിക്കുന്നത് പഞ്ചായത്ത് പ്രസിഡന്റിനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ ലൈസൻസ് അപേക്ഷകളിലും നൽകുവാനോ നിരസിക്കുവാനോ ഉള്ള തീരുമാനം എടുത്തിരിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിയാണ്. ഇത് ചട്ടവിരുദ്ധമാണ്.

4. മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഈടാക്കേണ്ട ഫീസ് നിശ്ചയിച്ച തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയില്ല. താഴെ പറയുന്ന

സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും ലൈസൻസ് നമ്പറും | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | പ്രസ്റ്റീജ് റോക്ക് പ്രൊഡക്ട്സ്(എ4-395/18-19) | 1515 | 15150 | 4000 | 11150 |

5. ശ്രീ.ഷിന്റോ അബ്രഹാം, ഇല്ലിക്കൽ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ക്വാറി ലൈസൻസ് അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ഫീസായി 4000/- രൂപ ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. മറിച്ചുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ അഭാവത്തിൽ ചട്ടപ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

6. കേരള പഞ്ചായത്ത് രാജ്( സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും റജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള ഫോറം-II പ്രകാരം രജിസ്റ്റർ ചെയ്യപ്പട്ട സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ാ

# 1-19 പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ലൈസൻസ് - പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല.

ബഹു.ഹൈക്കോടതിയുടെയും സർക്കാറിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിരുന്ന പരസ്യബോർഡുകൾ നീക്കം ചെയ്യുകയും ഭാവിയിൽ പഞ്ചായത്ത് പരിധിയിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ 19/11/2018 ലെ 19(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് (ഉദാഹരണത്തിന് ബാനറുകൾ, കമാനം, പോസ്റ്ററുകൾ, സിനിമാ പോസ്റ്ററുകൾ, വാഹനത്തിൽ വഹിക്കുന്ന പരസ്യങ്ങൾ മുതലായവയ്ക്ക്) ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും ഉണ്ടായിട്ടില്ല. പ്രസ്തുത തീരുമാനം നടപ്പിലാക്കിയത് സംബന്ധിച്ച വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല. ഈ നിയന്ത്രണാധികാരം പൂർണ്ണമായും പ്രയോഗതലത്തിൽ വന്നോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണ നം. 32/30.09.19) മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ നിയന്ത്രണാധികാര വിനിയോഗം ഫലപ്രദമായിരുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്. ആയതിനാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് കൊണ്ട് നിയന്ത്രണാധികാരം ഫലപ്രദമാക്കി പഞ്ചായത്തിന് ന്യായമായി ലഭിക്കേണ്ട വരുമാനം ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-20 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് 88126/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത്-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ്

വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുക 3,36,242/- രൂപയാണ്. ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം എന്ന നിലയിൽ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-22 പഞ്ചായത്തിലെ കുടിവെള്ള പദ്ധതി- കുടിവെള്ളം നേരിട്ട് വിതരണം -ചെലവിനനുസൃതമായി വെള്ളക്കരം പരിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്ത് ഗുണഭോക്താക്കളിൽ നിന്നും ആയതിന്റെ കുടിവെള്ള ചാർജ്ജ് ഈടാക്കി വരുന്നുണ്ട്. 2018-19ലെ വാട്ടർ ചാർജ്ജ് രജിസ്റ്റർ ഡി.സി.ബി. പ്രകാരം തനത് വർഷ ഡിമാന്റ് 371018/- രൂപയും കുടിശ്ശിക ഡിമാന്റ് 236488/- രൂപയുമാണ്. മേൽ തുകയിൽ 340539/- രൂപ പിരിച്ചെടുക്കാൻ ബാക്കിയാണ്. കുടിവെള്ള പദ്ധതി നടത്തിപ്പിനായി 2018-19 വർഷത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 342240 രൂപയും പമ്പ് ഓപ്പറേറ്റർ വേതനം ഇനത്തിൽ 226800 രൂപയും ചെലവഴിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് ഇതിന് പുറമെയാണ്. കുടിവെള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി വരുന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 234(എ), 234(സി) എന്നിവയിൽ ഏത് വകുപ്പ് പ്രകാരമാണെന്ന് വ്യക്തമല്ല. നിലവിൽ ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കുന്ന നിരക്ക്, നിരക്ക് അവസാനമായി പരിഷ്കരിച്ചത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം നം. 35/30.09.19). കുടിവെള്ള പദ്ധതി നടത്തിപ്പിനായി വരുമാനത്തിനുപരിയായി എല്ലാ വർഷവും തുക ചെലവഴിക്കേണ്ടി വരുന്നത് പഞ്ചായത്ത് ഫണ്ടിന് ബാധ്യതയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടായി നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം കുടിവെള്ള വിതരണം പഞ്ചായത്ത് ഫണ്ടിന് ബാധ്യതയുണ്ടാക്കാത്ത വിധത്തിൽ പ്രവർത്തനച്ചെലവ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ കേരള പഞ്ചായത്ത് രാജ് നിയമം 234(സി) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കേണ്ടതുമാണ് എന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 1-23 സ്ട്രീറ്റ് ലൈറ്റ് - സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കൺസ്യൂമർ നം.10692 എന്ന സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ആവശ്യത്തിലേക്കായി (un metered) താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക (രൂപ) |
|---|---|
| 21800049/11.04.18 | 33439 |
| 21800144/14.05.18 | 33483 |
| 21800262/08.06.18 | 33483 |
| 21800350/09.07.18 | 33494 |
| 21800482/13.08.18 | 33439 |
| 21800593/07.09.18 | 34079 |
| 21800711/10.10.18 | 34568 |
| 21800828/09.11.18 | 34568 |
| 21801084/10.12.18 | 34568 |
| 21801228/10.01.19 | 34568 |
| 21801364/08.02.19 | 33439 |
| 21801500/12.03.19 | 33439 |
| ആകെ | 406567 |

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും വൈദ്യുതി ചാർജ്ജ് അടവാക്കുന്ന ചില കൺസ്യൂമർ നമ്പറുകൾ (Metered) പ്രകാരമുള്ള പ്രതിമാസ ശരാശരിച്ചെലവ് താഴെ ചേർക്കുന്നു.

| | |
|---|---|

| കൺസ്യൂമർ നമ്പർ | പ്രതിമാസ ശരാശരിച്ചെലവ് (₹) |
|---|---|
| 17448 | 295 |
| 17449 | 382 |
| 17450 | 735 |
| 17451 | 1638 |
| 17457 | 2010 |
| 17467 | 1843 |

വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് 10692 എന്ന കൺസ്യൂമർ നമ്പറിനുള്ളത്ര ബാധ്യത മീറ്ററിംഗ് നടന്ന സ്ട്രീറ്റ് ലൈറ്റിന്റെ കാര്യത്തിൽ വന്നിട്ടില്ലാത്തതാണ്.

ഇതിന് പുറമെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തനത് ഫണ്ടിൽ നിന്നും 25/19 എന്ന പദ്ധതി പ്രകാരം 4,00,000/- രൂപയും 296/19 എന്ന പദ്ധതി പ്രകാരം 50,749/- രൂപയും ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തെരുവ് വിളക്ക് പരിപാലനത്തിനും, വൈദ്യുതി ചാർജ്ജിനുമായി മാത്രം ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ 9 ലക്ഷം രൂപയിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

i) 1994-ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ ഏതെങ്കിലും പ്രദേശങ്ങളിൽ (കൺസ്യൂമർ നം.10692ന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശമുൾപ്പെടെ) ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

ii) സേവന ഉപനികുതി പിരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതോടൊപ്പം കൺസ്യൂമർ നമ്പർ 10692-നെ മീറ്ററിംഗ് നടത്തി വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള ബാധ്യത കുറയ്ക്കാൻ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

# 1-24 സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ശമ്പളബില്ലിൽ ഒരേ അടിസ്ഥാന ശമ്പളമുള്ളവർക്ക് വ്യത്യസ്ത ഡി.എ.

1. ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ഒഴിച്ചുള്ള ജീവനക്കാരുടെ 2018 മാർച്ച് മാസത്തെ ശമ്പളം വൗച്ചർ നം.21800002 തീയതി 03.04.19 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ശമ്പള ബില്ലിൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.ആർ.ദീപാങ്കുരന്റെയും ഹെഡ് ക്ലാർക്കായ ശ്രീമതി. എം.സി.പുഷ്പലതയുടെയും ശമ്പളം ഉൾപ്പെടും. ടി രണ്ടു വ്യക്തികളുടെയും അടിസ്ഥാന ശമ്പളം 33900/- രൂപയാണ്. ഈ കാലയളവിൽ അർഹമായ ഡി.എ. പ്രതിമാസ ശമ്പളത്തിന്റെ 14% നിരക്കിലാണ്. എന്നാൽ സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ബില്ലിൽ ശ്രീ.ദീപാങ്കുരന്റെ അർഹമായ ഡി.എ. 4068/- രൂപയും ശ്രീമതി.പുഷ്പലതയുടെ അർഹമായ ഡി.എ. 4746/- രൂപയും ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഇതേ ബില്ലിൽ ശമ്പളം അനുവദിച്ചു നൽകിയ കാര്യാലയ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. എൻ.എസ്.ശാലിനിയുടെ ശമ്പളത്തിൽ നിന്നും ആകെ 3013/- രൂപ ( CP-1313+KPEPF-1100+GIS-300+SLI-300) റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ടിയാരിയുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ തുകയായി ബില്ലിൽ ചേർത്തിരിക്കുന്നത് 1700/- രൂപയാണ്.

മേൽ വിവരിച്ച രണ്ട് സന്ദർഭങ്ങളിലും Manual correction നടത്തിയാണ് ബിൽ പാസ്സാക്കി അനുവദിച്ചിട്ടുള്ളത്. മറ്റ് മാസത്തെ ശമ്പളബില്ലിൽ ഇപ്രകാരം ഒരു വ്യത്യാസം സംഭവിച്ചതായും കാണാനില്ല.

സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറു മൂലമാണ് ഇപ്രകാരം മാനുവലായി എഡിറ്റ് ചെയ്ത് തുക അനുവദിയ്ക്കേണ്ടി വന്നതെന്നും, വിഷയം ഫോൺ മുഖാന്തിരം ബ്ലോക്ക് ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ "സ്ഥാപന"യിൽ ചിലപ്പോഴൊക്കെ അങ്ങിനെ സംഭവിക്കാറുണ്ടെന്നും അങ്ങിനെ വരുമ്പോൾ മാനുവലായി എഡിറ്റ് ചെയ്ത് ബിൽ തയ്യാറാക്കുകയാണ് ചെയ്യേണ്ടതെന്നും ടെക്നിക്കൽ അസിസ്റ്റന്റ് അറിയിച്ചതായി ഗ്രാമപഞ്ചായത്ത് മറുപടി നൽകി

(ഓഡിറ്റ് എൻക്വയറി നം.06/20.09.19)

ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയ ബിൽ പിന്നീട് മാന്വലായി തെറ്റ് തിരുത്തി അനുവദിക്കുക എന്നത് പ്രസ്തുത സോഫ്റ്റ് വെയർ സംവിധാനത്തിലെ അപര്യാപ്തയാണ് കാണിക്കുന്നത്. ആയതിനാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണ്.

# 1-25 സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് രൂപീകരിച്ച് തനത് ഫണ്ട് ബാധ്യത വർദ്ധിപ്പിച്ചു.

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രൊജക്ട് വെച്ച് നൽകുന്നതിന് പകരം പ്രാദേശിക സർക്കാറുകൾക്ക് അനുവദിക്കുന്ന വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05-Deduct amount transferred from Development fund towards honorarium and allowances of anganwadi workers and helpers(NP)"എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 25-07-2018-ലെ സ.ഉ.(സാധാ)നം.6345/18/ധന. ഉത്തരവ് പ്രകാരം 2018-19 ലെ വികസനഫണ്ടിന്റെ രണ്ടാം ഗഡു പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചപ്പോൾ, പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 832200/- രൂപ ഇപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ (ഉത്തരവിന്റെ അനുബന്ധം 1 പ്രകാരം) ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെ അലോട്ട്മെന്റ് ലെറ്റർ ആയി കണക്കാക്കാനും ഉത്തരവായിരുന്നു.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവിനെ തുടർന്ന് "അംഗൻവാടി ടീച്ചർമാർക്ക് ഓണറേറിയം" എന്ന പേരിൽ ഒരു പ്രൊജക്ട് തയ്യാറാക്കി (പ്രൊജക്ട് നം.245/19)(പ്രൊജക്ടിന്റെ അംഗീകാര നമ്പർ- 28/2018-19 തീയതി28-09-18- CDPO) നിർവ്വഹണം നടത്തുകയുണ്ടായി. തയ്യാറാക്കിയ പദ്ധതിയുടെ സാമ്പത്തിക വിശകലന പ്രകാരം ആകെ 832000 രൂപ നീക്കി വെച്ച പ്രൊജക്ടിൽ (സർക്കാർ ഉത്തരവിൽ 832200 രൂപയാണെങ്കിലും) 500000/- രൂപ വികസന ഫണ്ടും (പൊതുവിഭാഗം) 332000/- രൂപ തനത് ഫണ്ടുമാണ് വകയിരുത്തിയിരുന്നത്. തുടർന്ന് വൗച്ചർ നം.21800994/14.11.18 പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 500000/- രൂപ വികസന ഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ സംഭവിച്ചു.

i) സർക്കാർ ഉത്തരവ് പ്രകാരം നിർണ്ണയിച്ച് നൽകിയ തുക പദ്ധതിവിഹിതത്തിൽ നിന്നും പൂർണ്ണമായും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പ്രസ്തുത ഉത്തരവ് തന്നെ ഇൻസ്ട്രമെന്റ് ആയി കണക്കാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരമുള്ള പദ്ധതി പ്രവർത്തനം പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്നതിന് പകരം സംവിധാനം എന്ന നിലയിൽ ഇറങ്ങിയ ഈ സർക്കാർ ഉത്തരവിനെ ആധാരമാക്കി ആയതിന്റെ നിർവ്വഹണത്തിനായി ഒരു പ്രൊജക്ട് തയ്യാറാക്കിയത് ക്രമത്തിലല്ല.

ii) പ്രൊജക്ട് തയ്യാറാക്കിയതിന്റെ ഭാഗമായി തനത് ഫണ്ട് വകയിരുത്തിയതിനാൽ പദ്ധതി വിഹിതത്തിൽ നിന്ന് നേരിട്ട് ട്രഷറി മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട ബാക്കി 3,32,200/- രൂപ അപ്രകാരം ചെയ്യാനാകാതെ ലാപ്സായി.

iii) ആവശ്യമായ പദ്ധതി വിഹിതം ഉണ്ടായിട്ടും ആയത് ലാപ്സാക്കി തനത് ഫണ്ട് ബാധ്യത വർദ്ധിപ്പിച്ചു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-26 സൻസദ് ആദർശ് യോജന -വിവരശേഖരണം നടത്തിയ വീടുകളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചില്ല.

31.01.2018 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 10(10) അനുസരിച്ച് പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ "സൻസദ് ആദർശ് യോജന"പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വെ നടത്തി ഡാറ്റാ എൻട്രി പൂർത്തിയാക്കുന്നതിനായി ഒരു ഡാറ്റയ്ക്ക് 13 രൂപ (അഞ്ച് രൂപ സർവ്വെയ്ക്കും എട്ട് രൂപ ഡാറ്റാ എൻട്രിയ്ക്കും) നിരക്ക് നിശ്ചയിച്ച് തുടർനടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

2017-18 ൽ 112810/- രൂപ ചെലവ് ചെയ്ത ഈ പദ്ധതി പ്രവർത്തനത്തിനായി 2018-19 ൽ (പ്രൊജക്ട് നമ്പർ-163/19) 87,910/- രൂപയാണ് വകയിരുത്തിയിരുന്നത്. ആയത് പ്രകാരം താഴെ പറയും പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./ തീയതി | തുക(₹) | ആവശ്യം |
|---|---|---|
| 21800762/26.10.18 | 33700 | വിവിധ ഫോറങ്ങൾ അച്ചടിച്ചതിന് |

| | | |
|---|---|---|
| | | പ്രീതി ഓഫ് സെറ്റ് പ്രിന്റേഴ്സിന് അനുവദിച്ചത് |
| 21800396/25.07.18 | 14928 | 1866 വീടുകളുടെ ഡാറ്റാ എൻട്രി നടത്തിയതിന് ചെലവ് |
| ആകെ | 48628 | |

സൻസദ് ആദർശ് ഗ്രാം യോജന (SAGY)യുമായി ബന്ധപ്പെട്ട് 2014 ൽ ഇറങ്ങിയ മാർഗ്ഗരേഖയിൽ അനക്സർ-II ൽ ആണ് ഗ്രാമപഞ്ചായത്ത് തലത്തിൽ പൂരിപ്പിയ്ക്കേണ്ട അടിസ്ഥാന വിവരങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റ എൻട്രി ചെയ്യുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതി പ്രവർത്തനത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(i) ഈ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചോ എന്ന് വ്യക്തമല്ല.

(ii) പ്രൊജക്ടുമായി ബന്ധപ്പെട്ട കാര്യാലയക്കുറിപ്പ് പ്രകാരം സർവ്വെ നടത്തി വിവരശേഖരണം നടത്തിയ 8819 ഫോറങ്ങളിൽ 8661 എണ്ണമേ ഡാറ്റാ എൻട്രി നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി വീടുകളുടെ (8819-8661=158) ഡാറ്റാ എൻട്രി നടത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.

(iii) പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.

# 1-27 ഹരിത കേരളം- ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹരിത കേരളം- ഖരമാലിന്യ സംസ്കരണ പ്ലാന്റ് " എന്ന പ്രൊജക്ട് (നം.167/18) സ്പിൽ ഓവറായി 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുകയുണ്ടായി. 21.03.17 ലെ 01/AEE/LSGD/D2R/16-17 തീയതി 21.03.17 പ്രകാരം 2000000 രൂപയുടെ സാങ്കേതിക അനുമതി ലഭിച്ച പ്രൊജക്ടിനായി 2016-17-ൽ 1000000 രൂപയും (പ്രൊജക്ട് നം.156/17) 2017-18 ൽ 500000 രൂപയും (പ്രൊജക്ട് നമ്പർ-99/18) മുൻവർഷങ്ങളിൽ നിർവ്വഹണ ഏജൻസിക്കായി നൽകിയിരുന്നു (IRTC എന്ന നിർവ്വഹണ ഏജൻസി).

തുടർന്ന് 14/AEE/LSGD/D2R/18-19 തീയതി 06.03.19 പ്രകാരം സാങ്കേതികാനുമതി പുതുക്കിയ പ്രൊജക്ടിന്റെ പുതുക്കിയ അടങ്കൽ 1982642 രൂപയാണ്. തുടർന്ന് 1/2018 എം.ബുക്കിൽ പ്രവൃത്തിയുടെ മൂല്യം രേഖപ്പെടുത്തി ഫൈനൽ ബിൽ വൗച്ചർ നം.21801778/27.03.19 പ്രകാരം IRTC ക്ക് 427918 രൂപ (ഗ്രോസ്-464349 രൂപ) അനുവദിച്ച് നൽകി. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചു.

i) 2016-17 ൽ അനുവദിച്ച് നൽകിയ പത്തു ലക്ഷം രൂപയിൽ നിന്നും VAT ഒന്നും ഈടാക്കിയിട്ടുണ്ടായിരുന്നില്ല. എങ്കിലും 50000 രൂപ വാറ്റ് അടവാക്കിയതായി കണക്കാക്കിയിട്ടാണ് ഫൈനൽബിൽ തയ്യാറാക്കിയത്. വാറ്റ് അടവാക്കിയ ബിൽ/ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആയത് അടവാക്കിയതായി പരിഗണിച്ച് ബിൽ തയ്യാറാക്കിയത് ക്രമത്തിലല്ല.

ii) പ്രവൃത്തിയുടെ അനക്സർ -ഡി ആയി ചേർത്തിട്ടുള്ളത് വിവിധയിനം മെക്കാനിക്കൽ ഉപകരണങ്ങളാണ് (Mechanical Equipments) ഓരോ ഉപകരണങ്ങൾക്കും ഒരു നിശ്ചിത തുക നിശ്ചയിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതും ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളതും. എന്നാൽ അനക്സർ-ഡിയിൽ ഉൾപ്പെട്ട ഒരു ഉപകരണത്തിന്റെയും പർച്ചേസ് ബിൽ വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അനക്സർ-ഡി പ്രകാരം പാസ്സാക്കിയ 6,02,000/- രൂപയുടെ കൃത്യത ഉറപ്പാക്കാനായില്ല.

iii) അനക്സർ-ഡിയിലെ ഇനം 2 ആയി രേഖപ്പെടുത്തിയ "Supplying and installing a bailing machine " എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ടി ഇനം പ്രവൃത്തി നിർവ്വഹിക്കാതിരുന്നതിന്റെ കാരണം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച കാരണങ്ങളാൽ ഫൈനൽ ബിൽ പ്രകാരം പാസ്സാക്കിയ 4,64,349 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 പൊതുമരാമത്ത് പ്രവർത്തി-പൊതുഅപാകതകൾ

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, നടപ്പാക്കിയ പ്രൊജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| പ്രോജക്ട് | 148 | 97 | 66 |
| തുക | 60847792 | 33624197 | 55 |

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 148 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 60847792 രൂപയാണ്. ചെലവഴിച്ചത് 33624197 രൂപയും. അതായത് 55 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 51 എണ്ണം നിർവഹണം നടത്തിയിട്ടില്ല. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ എന്നിവർ ഉൾപ്പെടുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാവുന്ന എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നത്</u>

പ്രവർത്തി നടത്തുന്ന കരാറുകാരന്റെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്റ്റ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിനു വേണ്ടി തുക ചെലവഴിക്കുന്നതായി കാണുന്നുവെങ്കിലും പല ഫയലുകളിലും ബോർഡ് വാങ്ങിയതായോ, വാങ്ങിയതായി പറയുന്നവയിൽ അവ സ്ഥാപിച്ചതിന്റെ രേഖകളോ ഇല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മുഴുവൻ പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

<u>ഇ-ടെൻഡർ കൂടുതൽ പ്രവർത്തികളിൽ നടപ്പിലാക്കുന്നില്ല.</u>

17.11.2015ലെ ജി.ഒ.(പി)524/15/ധനം സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുള്ള എല്ലാ മരാമത്ത് പ്രവർത്തികളും ഇ-ടെൻഡർ മുഖേനയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ പരിമിതമായ എണ്ണം മാത്രമാണ് ഇ -ടെൻഡർ മുഖേന നിർവ്വഹിച്ചിട്ടുള്ളത്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 5 ലക്ഷവും അതിന് മുകളിലുമുള്ള 18 പ്രവർത്തി മാത്രമാണ് ഇ ടെണ്ടർ മുഖേന നടപ്പാക്കിയത്. 5 ലക്ഷത്തിന് മുകളിൽ അടങ്കൽ തുക വരാതെ 490000 രൂപ അടങ്കലായി 17 പ്രവർത്തികൾ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഒരേ പ്രവർത്തി അടങ്കൽ തുക വിഭജിച്ച് രണ്ട് പ്രോജക്ടുകളായി അംഗീകാരം വാങ്ങുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ട് നംപർ | അടങ്കൽ തുക |
|---|---|---|
| വ്യവസായപാർക്ക് പരിസരത്ത് കുടിവെള്ളപദ്ധതി | 123/19 | 490000 |
| വ്യവസായപാർക്ക് പരിസരത്ത് കുടിവെള്ളപദ്ധതി | 285/19 | 200000 |
| വെള്ളപ്പാറ കുടിവെള്ളപദ്ധതി | 205/19 | 490000 |
| വെള്ളപ്പാറ കുടിവെള്ളപദ്ധതി | 125/19 | 200000 |
| വെള്ളപ്പാറ കുടിവെള്ളപദ്ധതി | 270/19 | 200000 |

ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല. അടങ്കൽ തുകയുടെ 55% മാത്രമേ ചെലവഴിക്കാനായുള്ളൂ എന്നത് ഇത് വ്യക്തമാക്കുന്നു. 90 ശതമാനം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് പോയിട്ടുള്ളത്. അതുകൊണ്ട് തന്നെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലാഭം ഉണ്ടായിട്ടില്ല. ഭാഗികമായി പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങി നടപ്പാക്കുന്നത് ചട്ടവിരുദ്ധമായതിനാൽ, നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

<u>മറ്റു അപാകതകൾ</u>

പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ വൗച്ചർ നം., ബിൽ നം, ചെക്ക് നം. (തനത് ഫണ്ട്) എന്നിവ രേഖപ്പെടുത്തുന്നില്ല. പല പ്രവൃത്തികളിലും PAC (Probable date of Contract) എന്നിവയും രേഖപ്പെടുത്തുന്നില്ല. മരാമത്തിന്റെ പൂർത്തീകരണ കാലാവധി ടെണ്ടർ ഷെഡ്യൂൾ, കരാർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിലൊന്നും രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. കരാറുകാരൻ അളവ് ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ഇല്ല. Memorandom of payment ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് പല ഫയലുകളിലും ഇല്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇഎംഡി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പരിപാലിക്കേണ്ടത് തുടർന്നുള്ള വർഷങ്ങളിൽ ഉറപ്പു വരുത്തേണ്ടതാണ്.

# 1-29 പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടിന്റെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

<u>1.പുതുക്കിയ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പ്രൊജക്ട് പൂർത്തീകരണത്തിൽ കാല താമസം വരുത്തുന്നതിന് ഈടാക്കേണ്ട പിഴ സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ എഗ്രിമെന്റുകളിൽ പിഴ സംബന്ധിച്ച് പഴയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. <u>കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല.</u>

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും താഴെ പറയുന്ന പ്രൊജക്ടിന്റെ കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. കരാർ സമയത്തിന് പൂർത്തിയാക്കാതിരുന്ന കരാറുകാരന്റെ കാര്യത്തിൽ നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് വിവരം | പ്രവൃത്തി സ്ഥലം കൈമാറിയ തിയതി<br>പൂർത്തീകരിക്കേണ്ട തിയതി<br>പൂർത്തീകരിച്ച തിയതി<br>കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 1 | പ്രോജക്ട് -ഹരിതകേരളം ഖരമാലിന്യ സംസ്കരണപ്ലാന്റ് ചുറ്റുമതിൽ അനുബന്ധസൗകര്യങ്ങൾ<br>അടങ്കൽ -1000000<br>Agreed PAC- 762960<br>ചെലവ് -318803<br>ബിൽനം -28/18-19, 24.11.18 കരാർ നം. -62/AE/LSGD/PZR/17-18/21.12.17<br>MB-506/16-17 കരാറുകാരൻ- രാജൻ.സി | 21.12.17<br>31.3.18<br>16.10.18<br>7 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>762960x1% =7630<br>രണ്ടാമത്തെ 25% 45 ദിവസം<br>762960x2% =15259<br>ആകെ =22,889/- |

ഈടാക്കേണ്ട പിഴ തുക –22,889-/ രൂപ. നിയമപ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

3. <u>കാലതാമസത്തിന് നിയമപരമായ നടപടികൾ</u>

മേൽ പ്രൊജക്ട് യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. എന്നാൽ കരാറുകാരൻ പ്രൊജക്ട് പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമായ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ നിയമപരമായ നടപടികൾ സ്വീകരിക്കുവാനും കരാർ റദ്ദാക്കാനും 13.6.2018 ലെ 24(5) നംപർ തീരുമാനത്തിൽ പറയുന്നു. ആയത് പ്രകാരം എടുത്ത നടപടികൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/ 28.9.19) ലഭിച്ച മറുപടി തൃപ്തികരമല്ല.

# 1-30 സ്ഥലം വിട്ടുനൽകിയത് സംബന്ധിച്ച് -പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

പ്രോജക്ട് – കുന്നത്തറ കുടിവെള്ള പദ്ധതി (76/19)

അടങ്കൽ -100000

ചെലവ് –88062/- 61/18-19,15.3.19

15.2.2019 ലെ പഞ്ചായത്ത് കമ്മിറ്റി 1(1) തീരുമാനത്തിൽ കുന്നത്തറ കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനായി ശ്രീ.സുകുമാരൻ.എം.ബി, മംഗലശ്ശേരി വീട്, കുന്നത്തറ, പഴയന്നൂർ എന്നയാൾ 524/3Pയിൽ ഉൾപ്പെട്ട 31.586 ച.ലിങ്ക്സ് ഭൂമി വിട്ടു തന്നുകൊണ്ടുള്ള ലാന്റ് റിലിങ്കിഷ്മെന്റ് ഫോറം സമർപ്പിച്ചതായി കാണുന്നു. അത് അംഗീകരിക്കുവാനും ഭൂമി ഏറ്റെടുക്കുവാനും നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് റവന്യൂവകുപ്പിന്റെ അംഗീകാരത്തിനും കൈവശാവകാശത്തിനുമായി സമർപ്പിക്കുവാനും തീരുമാനിച്ചു.

2018-19 ലെ പ്രോജക്ടിൽ മോട്ടോർ സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് ലൈൻ നീട്ടൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 5 HP മോട്ടോർ സ്ഥാപിക്കൽ മാത്രമാണ് നടന്നിട്ടുള്ളത്. മറ്റു പ്രവത്തികൾ നടപ്പാക്കിയിട്ടില്ല. മേൽപറഞ്ഞ പ്രകാരം സ്ഥലം ഏറ്റെടുത്ത് പമ്പ് ഹൗസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കി പ്രോജക്ട് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. തുടർനടപടികളുടെ ഭാഗമായി സ്ഥലം ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടില്ല. പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

# 1-31 കരാർ വെച്ചിട്ടും ആരംഭിക്കാത്ത പദ്ധതി പ്രവർത്തനങ്ങൾ

താഴെപ്പറയുന്ന പ്രോജക്ടുകൾ ടെണ്ടർ വിളിച്ച് കരാറിൽ ഏർപ്പെട്ടവയാണ്. എന്നാൽ നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ | എസ്റ്റിമേറ്റ് തുക | ടെണ്ടർ നിരക്ക് | കരാർ നം., തിയതി |
|---|---|---|---|---|---|
| 1 | എളനാട് കൊട്ടാരം അമ്പലം കുടിവെള്ളപദ്ധതി | P.M.റഷീദ് | 375000 | 5%കുറവ് | 17/18-19, 25.7.18 |
| 2 | വെള്ളപ്പാറ കുടിവെള്ളപദ്ധതി | N.ഹക്കിം | 200000 | എസ്റ്റിമേറ്റ് തുക | 55/18-19, 29.9.18 |
| 3 | വെറ്ററിനറി ഹോസ്പിറ്റലിന് ചുറ്റുമതിൽ | P.M.റഷീദ് | 140000 | 4%കുറവ് | 96/18-19, 8.2.19 |
| 4 | വെള്ളപ്പാറ കുടിവെള്ളപദ്ധതി | N.ഹക്കിം | 200000 | എസ്റ്റിമേറ്റ് തുക | 98/18-19, 12.2.19 |

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരൻ പ്രവൃത്തി സ്ഥലം അസി.എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതും പ്രവർത്തി ആരംഭിക്കേണ്ടതുമാണ്. എന്നാൽ കരാർ വെച്ച ശേഷം സ്ഥലം ഏറ്റെടുക്കാതിരിക്കുക, പണി തുടങ്ങാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കണം. കൂടാതെ ടി പ്രവൃത്തിയിൽ അടുത്ത കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ചെലവ് തുക ഈടാക്കുകയും വേണം. മേൽ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിനാൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (34/ 30/9/19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-32 ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 40,026/- രൂപ നഷ്ടം

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ടെണ്ടർ കുറവ് രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിവരം | മൂല്യനിർണ്ണയ വിവരം | കുറവ് വന്ന തുക |
|---|---|---|---|
| | പ്രോജക്ട് - വ്യവസായ പാർക്ക് പരിസരത്ത് കുടിവെള്ള പദ്ധതി (123/19)<br>അടങ്കൽ - 490000<br>ചെലവ് - 490000/- , ബിൽനം.59/18-19, 21.3.19<br>കരാർനം,തിയതി - 15/AE/LSGD/PZR/18-19,21.7.2018<br>MB-276/18-19<br>കരാറുകാരൻ - എൻ.ഹക്കിം<br>ടെണ്ടർ നിരക്ക് -3% കുറവ് | മൂല്യനിർണ്ണയതുക -490000/-<br>പരിമിതപ്പെടുത്തിയത് -490000/-<br>കിഴിവുകൾ<br>IT-4900<br>KCWWF-4900<br>CGST-4900<br>SGST-4900<br>ആകെ-19600<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയ തുക -470400 | ടെണ്ടർ കുറവ് 3% -14700<br>(13.6.2018 ലെ 20(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) |
| 2 | പ്രോജക്ട് - തൃക്കണായ അംഗൻവാടി മെയിന്റനൻസ് (192/19)<br>അടങ്കൽ - 200000<br>ചെലവ് - 197863/- , ബിൽനം.16/18-19, 14.8.18<br>കരാർനം,തിയതി - 43/AE/LSGD/PZR/18-19,24.11.2017<br>MB-496/16-17<br>കരാറുകാരൻ - T.N.പ്രസാദ്<br>ടെണ്ടർ നിരക്ക് -12.8% കുറവ് | മൂല്യനിർണ്ണയ തുക -197863/-<br>പരിമിതപ്പെടുത്തിയത് -197863/-<br>കിഴിവുകൾ<br>IT-1979<br>KCWWF-1979<br>ആകെ-3958<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയ തുക -193905 | ടെണ്ടർ കുറവ് 12.8% - 25326 |
| | ആകെ തുക | | 40026 |

ആയതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-33 കാനാശ്ശേരി കിഴക്കുമുറി കുടിവെള്ളപദ്ധതി - ടെണ്ടർ നിരക്ക് കുറവ് ചെയ്തിട്ടില്ല

അടങ്കൽ - 490000

ചെലവ് - 489074/-, 17/18-19, 17.9.18

മേൽ പ്രോജക്ടിന് ലഭ്യമായ ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | ക്വോട്ട് ചെയ്ത തുക |
|---|---|
| റഷീദ്.പി.എം | 3% കുറവ് |
| എൻ.ഹക്കിം | 0.1% കുറവ് |

എന്നാൽ ടെണ്ടർ ഫോമിലും ടെണ്ടർ ഷെഡ്യൂളിലും പല ഭാഗത്തും 3% കുറവ് എന്ന് രേഖപ്പെടുത്തിയത് 3% കൂടുതൽ എന്നാക്കി മാറ്റിയിരിക്കുന്നു. ഇപ്രകാരം തിരുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ യഥാർത്ഥത്തിൽ രേഖപ്പെടുത്തിയത് 3% കുറവ് എന്നാണെന്ന് വ്യക്തമാകുന്നു. (ടെണ്ടർ ഷെഡ്യൂളിൽ തിരുത്തൽ വരുത്തിയിട്ടില്ലാത്ത ഭാഗം കാണാവുന്നതാണ്) 0.1% കുറവ് രേഖപ്പെടുത്തിയ കരാറുകാരനാണ് കരാറിലേർപ്പെട്ട് ടി പ്രവൃത്തി നിർവഹിച്ചിരിക്കുന്നത്. രണ്ട് ടെണ്ടർ ഫോമുകളുടെയും അവസാന പേജിൽ നിരക്ക് രേഖപ്പെടുത്തി സെക്രട്ടറി/അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറന്ന സമയം, തിയതി ഇവയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ 3% കുറവ് രേഖപ്പെടുത്തിയ കരാറുകാരനാണ് പ്രവർത്തി ഏൽപ്പിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ആയത് ഓഡിറ്റിൽ എവിഡൻസ് ആയി സ്വീകരിച്ചുകൊണ്ട് തുടർ നടപടികൾ എടുക്കുന്നതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. ) മറുപടി ഹാജരാക്കിയിട്ടില്ല. ടെണ്ടർ തുറക്കുമ്പോൾ നിയമപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ നിരക്കുകളിൽ മാറ്റം വരുത്തുന്നത് നിയമപരമായി തെറ്റായതിനാൽ കുറവ് ചെയ്യേണ്ടിയിരുന്ന ടെണ്ടർ നിരക്ക് കുറവ് ചെയ്യേണ്ടതും ഈ വിഷയത്തിൽ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

ആകെ മൂല്യനിർണ്ണയതുക – 489074
കിഴിവുകൾ –IT-4890
KCWWF- 4890
ടെണ്ടർ കുറവ് –0.1 below – 489
കരാറുകാരന് നൽകിയതുക – 478805
ടെണ്ടർ കുറവ് ചെയ്യേണ്ടിയിരുന്ന തുക -(3% കുറവ് ) – 14672
ഇപ്രകാരം കുറവ് ചെയ്യാത്തതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ട തുക -14,183/- (14672-489)

# 1-34 റദ്ദാക്കിയ കരാർ പ്രകാരമുള്ള മരാമത്ത് പ്രവൃത്തിക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു

പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.18 ലെ യോഗതീരുമാനം 17(4) പ്രകാരം പ്രസാദ് എന്ന കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ടിയാനോട് വിശദീകരണം ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിരുന്നു.

തുടർന്ന് 13.06.18ലെ ഭരണസമിതി തീരുമാനം 24(5) പ്രകാരം, 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിച്ചിരുന്നതും ശ്രീ.പ്രസാദ്, തോന്നൂർ, തെക്കേക്കളം എന്ന കരാറുകാരൻ ഏറ്റെടുത്തിരുന്നതുമായ ചില പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നതുമായി ബന്ധപ്പെട്ട് വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ

ടിയാനെതിരെ നിയമനടപടികൾ സ്വീകരിക്കാനും കരാർ റദ്ദാക്കാനും പഴയന്നൂർ എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു.

ഇതേ തുടർന്ന് ശ്രീ.പ്രസാദ് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു (എൻക്വയറി നം.01 തീയതി .19-09-19) ലഭ്യമാക്കിയ മറുപടി പ്രകാരം ഭരണസമിതി തീരുമാനം നിലനിൽക്കെ 2018-19 സാമ്പത്തിക വർഷത്തിൽ കരാറുകാരൻ ഏറ്റെടുത്ത താഴെ പറയുന്ന പ്രവൃത്തിക്കായി അസി.എഞ്ചിനീയർ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുമില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് | വൗച്ചർ നം./ തീയതി |
|---|---|---|---|---|---|
| 1 | 186/19 | പുലരി രാമൻനായർ മൂച്ചിക്കുളം റോഡ് സൈഡ് കെട്ടൽ | 425000 | 355152 (പാർട്ട് ബിൽ) | 21801027/29.11.18 |
| ആകെ | | | | 3,55,152/- | |

ക്രമവിരുദ്ധമായി ചെലവഴിച്ച ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-35 ആശ്രയ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല - ലക്ഷങ്ങൾ സി.ഡി.എസ്. അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്നു.

2018-19 വർഷത്തിൽ ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി താഴെ പറയും പ്രകാരം തുക സി.ഡി.എസ്-നു കൈമാറിയിട്ടുള്ളതാണ്

| പ്രോജക്ട് നം | നിർവ്വഹണോദ്യോഗസ്ഥൻ | വൗച്ചർ നം | തുക |
|---|---|---|---|
| 12/2019 – ആശ്രയ | സെക്രട്ടറി | 21801563/ 03-12-18 | 800000 |
| 32/2019 – ആശ്രയ-എസ്.ടി | അസി.സെക്രട്ടറി | 21801002 | 269000 |
| ആകെ | | | 1069000 |

ആശ്രയ പദ്ധതിയ്ക്കായി 2018-19 വർഷത്തിൽ ചെലവുവന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ചലഞ്ച് ഫണ്ട് ഒന്നാംഘട്ടം (ജനറൽ) | 66,340 |
| പ്ലാൻ ഫണ്ട്ഒന്നാംഘട്ടം (ജനറൽ) | 87,500 |
| ചലഞ്ച് ഫണ്ട് രണ്ടാം ഘട്ടം (ജനറൽ) | 1,15,357 |
| ചലഞ്ച് ഫണ്ട് (എസ്.ടി) | 1,34,885 |

ആശ്രയ പദ്ധതിയുടെ സി.ഡി.എസ്. ന്റെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലെ 31-03-2019 തിയ്യതിയിലെ ബാലൻസ് തുകയുടെ വിവരം താഴെ കാണിക്കുന്നു.

| | അക്കൗണ്ട് നമ്പർ | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | പലിശ | കമ്പ്യൂട്ടർ സംവിധാനം ഒരുക്കുന്നതിന് അനുവദിച്ചത് |
|---|---|---|---|---|---|
| ആശ്രയ ഒന്നാംഘട്ടം | 6253 പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 2,00,000 | 4,433 | 48,993 | 90,666 |
| ആശ്രയ രണ്ടാം ഘട്ടം | 4667101002492 കാനറാ ബാങ്ക്, പഴയന്നൂർ ശാഖ<br>7198 പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 23,38,300 | 3,99,526 | 4,70,393 | |
| ആശ്രയ (എസ്.ടി) | 4667101002491 കാനറാ ബാങ്ക്, പഴയന്നൂർ ശാഖ<br>7199 പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 13,63,602 | 79,746 | 1,90,969 | |

| അക്കൗണ്ട് നമ്പർ | 31-03-2019 ലെ ബാലൻസ് |
|---|---|
| 6253, പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 3,44,092 |
| 4667101002492, കാനറാ ബാങ്ക്, പഴയന്നൂർ ശാഖ | 21,86,542 |
| 7198, പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 10,21,677 |
| 4667101002491, കാനറാ ബാങ്ക്, പഴയന്നൂർ ശാഖ | 8,94,911 |
| 7199, പഴയന്നൂർ ഫാർമേഴ്സ് കോ. ബാങ്ക് | 7,39,406 |

10-08-2018ലെ 10-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം, അഗതി ആശ്രയ അന്തിമ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്കായി വിനിയോഗിക്കേണ്ട തുക, മേൽ വിവരിച്ച പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടിട്ടും വിനിയോഗിക്കാതെയിരിക്കുന്നതിന്റെ

കാരണം അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ 29-09-2019 തിയ്യതിയിലെ 28A നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-36 പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടി - തുക കൈമാറിയിട്ടും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രൊജക്ട് നം.52/2019, സാന്ത്വന പരിചരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

ട്രഷറി ബിൽ നം.14/29.11.2018 (വൗച്ചർ നം.21801006) തുക. 85000/- (പദ്ധതി വിഹിതം)

ട്രഷറി ബിൽ നം.26/25.03.2019 (വൗച്ചർ നം.21801809) തുക.14998/- (പദ്ധതി വിഹിതം)

ചെക്ക് നം.2875063/29.03.2019 (വൗച്ചർ നം.21801721) തുക.54455/- (തനത് ഫണ്ട്)

പ്രൊജക്ട് നം.52/2019, പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം (KMSCL)ന് മരുന്ന് വിതരണത്തിനായി മേൽ വൗച്ചറുകൾ പ്രകാരം 1,54,453/- രൂപ കൈമാറിയിട്ടുണ്ട്. മാത്രമല്ല ടി മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വാഹനം വാടകയ്ക്ക് എടുത്തത്- വാഹന വാടക തനതുഫണ്ടിൽ വകയിരുത്തിയില്ല

2018-19ൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി, ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറി മെംബർ സെക്രട്ടറിയായ സമതിയ്ക്ക് 2,00,000 രൂപ സെക്രട്ടറി പ്ലാൻ ഫണ്ടിൽ നിന്നും കൈമാറിയിട്ടുള്ളതാണ് (പ്രോജക്ട് നം.11/2019 വൗച്ചർ നമ്പർ:21801003 തിയ്യതി:22-11-18)

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)80/17 ത.സ്വ.ഭ.വ തിയതി 3.4.17 ക്രമ നം.10.5 പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വാഹനം വാടകയ്ക്ക് എടുക്കാവുന്നതും വാടക തനതുഫണ്ടിൽ വകയിരുത്താവുന്നതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രൊജക്ടിൽ തനതു ഫണ്ട് വകയിരുത്തിയിട്ടില്ല. വികസനഫണ്ട് ട്രാൻസ്ഫർ ചെയ്ത് സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നുമാണ് (അക്കൗണ്ട് നം.80007885864 ) വാഹനവാടക അനുവദിച്ചിട്ടുള്ളത്. പ്രതിദിനം 2000/- രൂപ നിരക്കിൽ വാഹനത്തിന് തൻവർഷം 3,92,500/- രൂപ വികസനഫണ്ടിൽ നിന്നും (വികസന ഫണ്ടിന്റെ മുൻബാക്കി സഹിതം) അനുവദിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അനുവദിച്ച വാഹനവാടക തനതുഫണ്ടിൽ നിന്നും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 30-09-2019ൽ നല്കിയ 28-ാം നമ്പർ എൻക്വയറിയക്ക് മറുപടി നല്കുകയുണ്ടായില്ല.

## 1-38 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അപര്യാപ്തം

15-09-2018 ന ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 3-ാം നമ്പർ തീരുമാനം പ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് താഴെ പറയുന്ന പരാമർശങ്ങൾ ഉള്ളതാണ്.

1. അൺഫിറ്റായിട്ടുള്ളത്: അങ്കണവാടി നമ്പർ - 101 & 102
2. ചോർച്ചയുള്ളത് : അങ്കണവാടി നമ്പർ - 110
3. ടോയ്‌ലറ്റ് സൗകര്യമില്ലാത്തത് : അങ്കണവാടി നമ്പർ - 99,100,115,162 (നാല്)
4. കുടിവെള്ള സൗകര്യമില്ലാത്തത് : അങ്കണവാടി നമ്പർ - 112

5. ചുറ്റുമതിൽ ഇല്ലാത്തത് : അങ്കണവാടി നമ്പർ -95,98,99,100,102,103,104,109,110,115 (പത്ത്)

6. ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തത് : അങ്കണവാടി നമ്പർ 95,96,98,99,100,101,106,107, 108,114,116,117,120,125, 127, 161,162,176 (പതിനെട്ട്)

7. പാചകവാതക കണക്ഷൻ ഇല്ലാത്തത് : അങ്കണവാടി നമ്പർ - 96,98,99,100,101,103,104, 105,106,107,108, 109, 110,111, 113,116,117,120,122,123,124,127,162,161,163,176 (ഇരുപത്തിയാറ്)

8. വാട്ടർ ടാങ്ക് ഇല്ലാത്തത് : അങ്കണവാടി നമ്പർ - 113,115,123,125,116.117.118,107,108,162, 101,100,105,98,99 (പതിനഞ്ച്)

9. വാട്ടർ കണക്ഷൻ ഇല്ലാത്തത് : അങ്കണവാടി നമ്പർ - 112,102 (രണ്ട്)

10. അറ്റകുറ്റപണികൾ അത്യാവശ്യമായത്: അങ്കണവാടി നമ്പർ - 97,98,99,100,102, 101, 109, 116,162,120,95,104,106,163

ഇതു കൂടാതെ

- 12-10-2018 ന ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാനപ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ 120-ാം നമ്പർ അങ്കണവാടിയുടെ ടോയ്‌ലറ്റ് അപകടാവസ്ഥയിലാണെന്നും,
- 17-09-2018 ന ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ 98,106,120 നമ്പർ അങ്കണവാടികളുടെ അറ്റകുറ്റ പണി അടിയന്തിരമായി നടത്തേണ്ടതാണെന്നുമുള്ള പരാമർശങ്ങൾ ഉള്ളതാണ്.

മേൽ പരാമർശിച്ച അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 27-09-2019ന് നല്കിയ ഓഡിറ്റ് എൻക്വയറി 20-ന് മറുപടി നല്കിയിട്ടില്ലാത്തതാണ്.

# 1-39 സമഗ്ര നെൽകൃഷി വികസനം- നെൽവിത്ത് വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയക്കായി ഹാജരാക്കിയിട്ടില്ല- ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ 64/2019 സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ വിരിപ്പ്-മുണ്ടകൻ വിളകൾക്കായി, വിവിധ ഏജൻസികളിൽ നിന്നും താഴെ പറയുംവിധം നെൽവിത്ത് വാങ്ങി പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം നെൽവിത്ത് വാങ്ങിയതിന് താഴെ പറയുന്ന ഏജൻസികൾക്ക് 28-07-2018ലെ വൗച്ചർ നമ്പർ:21800948 പ്രകാരം ₹6,61,320/-ഉം 31-10-2018ലെ വൗച്ചർ നമ്പർ:21800983 പ്രകാരം ₹3,03,505/-ഉം ഉൾപ്പെടെ ആകെ ₹9,66,825/- ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ നെൽവിത്ത് വിതരണം നടത്തിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ഏജൻസിയുടെ പേര് | ഉമ നെൽ വിത്ത് (കി.ഗ്രാം) | ജോതി നെൽവിത്ത് (കി.ഗ്രാം) |
|---|---|---|---|
| 1 | കേരള സ്റ്റേറ്റ് സീഡ് അതോറിറ്റി, അയ്യന്തോൾ, തൃശ്ശൂർ | 3000 | 26990 |
| 2 | സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി, തൃശ്ശൂർ | | 4020 |
| 3 | കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര | | 1050 |
| 4 | നാഷ്ണൽ സീഡ്സ് കോർപ്പറേഷൻ ലി. കഞ്ചിക്കോട്, പാലക്കാട് | 990 | 8000 |

| | | |
|---|---|---|
| ആകെ | 3,990 | 40060 |

രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടു കൊണ്ടുള്ള 29-09-2019 ലെ ഓഡിറ്റ് എൻക്വയറി 26Aയ്ക്ക് മറുപടി നൽകിയിട്ടില്ലാത്തതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ ₹9,66,825/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-40 ലാപ് ടോപ്പ് വിതരണം,ടെണ്ടർ ലഭിച്ച സ്ഥാപനം സപ്ലേ നടത്തിയില്ല- ഗ്രാമ പഞ്ചായത്തിനു സംഭവിച്ച നഷ്ടം, കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയുണ്ടായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് :36/2019, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടിക-ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്നതിൽ, ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന്, ടെണ്ടർ നോട്ടീസ് നം:AS-02/2018 തിയ്യതി:21-07-2018 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനോടുകൂടിയ ലാപ്പ് ടോപ്പുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് 'ക്വാട്ട്' ചെയ്ത HALCYON TRANSMISSION TECHNOLOJIES, Buldg. No.XVIII / 475-11,12, PERINTHALMANNA, MALAPPURAM, എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് ഭരണസമിതിയുടെ 31-08-2018 ന ചേർന്ന യോഗത്തിന്റെ 8/3 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും, 28-12-2018ന് AS-36/19(1) കത്തുപ്രകാരം, ₹21,620/- നിരക്കിൽ 13 ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് സപ്ലേ ഓർഡർ നല്കിയിരുന്നതുമാണ്. എന്നാൽ 13-08-2018 ന നടന്ന ടെണ്ടറിൽ പങ്കെടുക്കാതിരുന്ന KELTRON, Vellayambalam Junction, Thriuvananthapuram-33 എന്ന സ്ഥാപനത്തിൽ നിന്നും 20-03-2019 ന് ₹29,600/- നിരക്കിൽ 13 ലാപ് ടോപ്പ് വാങ്ങിയിരിക്കുന്നതായാണ് (മൊത്തം ₹3,84,800) ഫയൽ പരിശോധിച്ചതിൽ കണ്ടത്. ടെണ്ടറിൽ പങ്കെടുക്കാതിരുന്ന KELTRON എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. ടെണ്ടറിൽ പങ്കെടുക്കുകയും, സപ്ലേ ഓർഡർ നല്കുകയും ചെയ്ത HALCYON TRANSMISSION TECHNOLOJIES, Buldg. No.XVIII / 475-11,12, PERINTHALMANNA, MALAPPURAM എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങാതിരിക്കാനുണ്ടായ സാഹചര്യവും ഫയലിൽ നിന്നും വ്യക്തമല്ല. പ്രസ്തുത സ്ഥാപനം സപ്ലേ ഓർഡർ നിരാകരിക്കുയാണുണ്ടായതെങ്കിൽ, സ്ഥാപനത്തിന്റെ പ്രവർത്തി മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന്, സ്ഥാപനവും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി ഒപ്പു വെച്ച പ്രാഥമിക കരാറിൽ രണ്ടാമതായി വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കരാർ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം(₹1,03,740) ഈടാക്കുന്നതിനായി നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇതുസംബന്ധിച്ച സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടു നല്കിയ 26-09-2019ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഈ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ ₹1,03,740/- {3,84,800 - 281060(21620X13) = 103740} നഷ്ടം ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-41 എസ്. ടി. വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, കുട, നോട്ട് ബുക്ക്എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല, തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് :152/2019, ട്രൈബൽ കോളനികളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, കുട, നോട്ട് ബുക്ക് - എന്നതിൽ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, കുട, നോട്ട് ബുക്ക് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായി 14-08-2018 വൗച്ചർ നമ്പർ: 21800953 പ്രകാരം ₹51098/-ഉം, 22-02-2019ലെ വൗച്ചർ നമ്പർ: 21801816 പ്രകാരം ₹3,000/-ഉം ഉൾപ്പെടെ ആകെ ₹54,098/- ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പഠനോപകരണങ്ങൾ വാങ്ങി നല്കിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ ₹54,098/- ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-42 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നമ്പർ-70/19 (ഐ.എസ്.ഒ സർട്ടിഫിക്കേഷന് ഭൗതിക സൗകര്യമൊരുക്കൽ) പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 19436/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊജക്റ്റ്, വൗച്ചർ എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.31/30.09.19)

# 1-43 പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ തുക കൈമാറിയിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം.93/19

ബിൽ നം.1/18-19/24.11.18-തുക 100000/-
(വൗച്ചർ നം. 21801020)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം (ബിൽ നം.1/18-19) 100000/- രൂപ പിൻവലിക്കുകയും കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആലപ്പുഴയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.LF-751/05.08.19 പ്രകാരം 56942 /- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല. 43058/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-44 എസ്.എൽ.ബി.പി. പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ എസ്.എൽ.ബി.പി. പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.
i) പ്രോജക്റ്റ് നമ്പർ:42/2019 കന്നുകുട്ടി പരിപാലന പദ്ധതി (ക്യാപ്)

വികസന ഫണ്ട് ജനറൽ :₹2,50,000/-

ഗുണഭോക്താക്കളുടെ എണ്ണം :40

സബ്സിഡി തുക :₹6,250/- പ്രകാരം 40 പേർക്ക്

അലോട്ട് മെന്റ് നമ്പർ:203/20-12-2018

ബിൽ നമ്പർ :200/20-12-2018 ( GP/3/2018-19 / 21-12-2018)

ii)പ്രോജക്റ്റ് നമ്പർ:43/2019 കന്നുകുട്ടി പരിപാലന പദ്ധതി (ജിപി)

വികസന ഫണ്ട് ജനറൽ :₹3,75,000-

ഗുണഭോക്താക്കളുടെ എണ്ണം :30

സബ്സിഡി തുക :₹12,500/- പ്രകാരം 30 പേർക്ക്

അലോട്ട് മെന്റ് നമ്പർ:268/30-01-2019

ബിൽ നമ്പർ :268/30-01-2019 ( GP/5/2018-19 / 05-02-2019)

1. മേൽ പ്രോജക്ടുകളുടെ തുക അടവാക്കിയതിന്റെ കൈപ്പറ്റു രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്
2. പ്രോജക്റ്റ് നമ്പർ:43/2019 കന്നുകുട്ടി പരിപാലന പദ്ധതി (ജിപി)യുടെ കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ക്ഷീര സഹകരണ സംഘം വെന്നൂർ, രാമൻചെട്ടിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾ ഒറ്റ തവണ പോലും കാലീത്തീറ്റ കെപ്പറ്റിയതായി കാണുന്നില്ല.

- കൗസല്യ, പുതുകുടിയിൽ, അത്താണിപറമ്പ് - ബെനിഫിഷ്യറി നമ്പർ: TSR/58483, ഇയർ ടാഗ് നമ്പർ:420041577113

- ജനാർദ്ധനൻ കല്ലേപ്പാടം, പടിഞ്ഞാറേകുറുപ്പത്ത് - ബെനിഫിഷ്യറി നമ്പർ: TSR/58533, ഇയർ ടാഗ് നമ്പർ:420041610358

- അലി, പാറയ്ക്കൽ - ബെനിഫിഷ്യറി നമ്പർ: TSR/58535 ഇയർ ടാഗ് നമ്പർ:420041577240

മേൽ പറഞ്ഞ മൂന്ന ഗുണഭോക്താക്കൾക്കായി അടവാക്കിയ ₹37,500/- തിരികെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ 27-09-2018ലെ ഓഡിറ്റ് എൻക്വയറി നമ്പർ:19ന് മറുപടി നല്കിയിട്ടില്ലാത്തതാണ്.

# 1-45 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

i) 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഐ.കെ.എം വിഹിതമായി 1,48,740 രൂപ (വൗച്ചർ നം.21800947/30.07.18, ബിൽ നം.59/27.07.18) കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
ii) 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതമായി 100000 രൂപ (വൗച്ചർ നം.21801530/07.12.18, ബിൽ നം.176/07.12.18) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 40,026/- രൂപ നഷ്ടം

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ടെണ്ടർ കുറവ് രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിവരം | മൂല്യനിർണ്ണയ വിവരം | കുറവ് ചെയ്യേണ്ടിയിരുന്ന |
|---|---|---|---|

| | | | തുക |
|---|---|---|---|
| 1 | പ്രോജക്റ്റ് - വ്യവസായ പാർക്ക് പരിസരത്ത് കുടിവെള്ള പദ്ധതി (123/19)<br>അടങ്കൽ - 490000<br>ചെലവ് - 490000/- , ബിൽനം.59/18-19, 21.3.19<br>കരാർനം,തിയതി - 15/AE/LSGD/PZR/18-19,21.7.2018<br>MB-276/18-19<br>കരാറുകാരൻ - എൻ.ഹക്കിം<br>ടെണ്ടർ നിരക്ക് -3% കുറവ് | മൂല്യനിർണ്ണയ തുക -490000/-<br>പരിമിതപ്പെടുത്തിയത് -490000/-<br>കിഴിവുകൾ<br>IT-4900<br>KCWWF-4900<br>CGST-4900<br>SGST-4900<br>ആകെ-19600<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയതുക -470400 | ടെണ്ടർ കുറവ് 3% -14,700<br>(13.6.2018 ലെ 20(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) |
| 2 | പ്രോജക്റ്റ് - തൃക്കണായ അംഗൻവാടി മെയിന്റനൻസ് (192/19)<br>അടങ്കൽ - 200000<br>ചെലവ് - 197863/- , ബിൽനം.16/18-19, 14.8.18<br>കരാർനം,തിയതി - 43/AE/LSGD/PZR/18-19,24.11.2017<br>MB-496/16-17<br>കരാറുകാരൻ - T.N.പ്രസാദ്<br>ടെണ്ടർ നിരക്ക് -12.8% കുറവ് | മൂല്യനിർണ്ണയതുക -197863/-<br>പരിമിതപ്പെടുത്തിയത് -197863/-<br>കിഴിവുകൾ<br>IT-1979<br>KCWWF-1979<br>ആകെ-3958<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയതുക -193905 | ടെണ്ടർ കുറവ് 12.8% - 25,326 |
| | ആകെ തുക | | 40,026 |

ആയതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/27.9.19)

## 3-2 കാനാശ്ശേരി കിഴക്കുമുറി കുടിവെള്ളപദ്ധതി - ടെണ്ടർ നിരക്ക് കുറവ് ചെയ്തിട്ടില്ല

അടങ്കൽ - 490000

ചെലവ് - 489074/-, 17/18-19, 17.9.18

മേൽ പ്രോജക്റ്റിന് ലഭ്യമായ ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | ക്വോട്ട് ചെയ്ത തുക |
|---|---|
| റഷീദ്.പി.എം | 3% കുറവ് |
| എൻ.ഹക്കിം | 0.1% കുറവ് |

എന്നാൽ ടെണ്ടർ ഫോമിലും ടെണ്ടർ ഷെഡ്യൂളിലും പല ഭാഗത്തും 3% കുറവ് എന്ന് രേഖപ്പെടുത്തിയത് 3% കൂടുതൽ എന്നാക്കി മാറ്റിയിരിക്കുന്നു. ഇപ്രകാരം തിരുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ യഥാർത്ഥത്തിൽ രേഖപ്പെടുത്തിയത് 3% കുറവ് എന്നാണെന്ന് വ്യക്തമാകുന്നു. (ടെണ്ടർ ഷെഡ്യൂളിൽ തിരുത്തൽ വരുത്തിയിട്ടില്ലാത്ത ഭാഗം കാണാവുന്നതാണ്) 0.1% കുറവ് രേഖപ്പെടുത്തിയ കരാറുകാരനാണ് കരാറിലേർപ്പെട്ട് ടി പ്രവൃത്തി നിർവഹിച്ചിരിക്കുന്നത്. രണ്ട് ടെണ്ടർ ഫോമുകളുടെയും അവസാന പേജിൽ നിരക്ക് രേഖപ്പെടുത്തി സെക്രട്ടറി/അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറന്ന സമയം, തിയതി ഇവയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ 3% കുറവ് രേഖപ്പെടുത്തിയ കരാറുകാരനാണ് പ്രവർത്തി ഏൽപ്പിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ആയത് ഓഡിറ്റിൽ എവിഡൻസ് ആയി സ്വീകരിച്ചുകൊണ്ട് തുടർ നടപടികൾ എടുക്കുന്നതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. ) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടെണ്ടർ തുറക്കുമ്പോൾ നിയമപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ നിരക്കുകളിൽ മാറ്റം വരുത്തുന്നത് നിയമപരമായി തെറ്റായതിനാൽ കുറവ് ചെയ്യേണ്ടിയിരുന്ന ടെണ്ടർ നിരക്ക് കുറവ് ചെയ്യേണ്ടതും ഈ വിഷയത്തിൽ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

ആകെ മൂല്യനിർണ്ണയതുക – 489074

കിഴിവുകൾ –IT-4890

KCWWF- 4890

ടെണ്ടർ കുറവ് –0.1 below – 489

കരാറുകാരന് നൽകിയതുക – 478805

ടെണ്ടർ കുറവ് ചെയ്യേണ്ടിയിരുന്ന തുക -(3% കുറവ് ) – 14672

ഇപ്രകാരം കുറവ് ചെയ്യാത്തതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ട തുക -14,183/- (14672-489)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പഴയന്നൂർ | 267089 | 2018-19 | 1500000 | പ്രൊജക്ട് നം.64/19 സമഗ്ര നെൽകൃഷി വികസനം | 1500000 | 0 |
| | | 2018-19 | 487500 | പ്രൊജക്ട്നം.66/19 സമഗ്ര പച്ചക്കറി വികസനം | 406350 | 81150 |
| | | 2018-19 | 150000 | പ്രൊജക്ട് നം.69/19 സമഗ്രപച്ചക്കറികൃഷി വികസനം(വനിത) | 140475 | 9525 |
| | | 2018-19 | 284400 | പ്രൊജക്ട് നം.40/19 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 284400 | 0 |
| | | 2017-18 | 197000 | പ്രൊജക്ട് നം.225/19 ഭവനം വാസയോഗ്യമാക്കൽ -എസ്.ടി | 0 | 197000 |

| | | | | | | |
|---|---|---|---|---|---|---|
| | | 2018-19 | 1414872 | പ്രൊജക്റ്റ് നം.6/19 ലൈഫ് മിഷൻ ഭവന പദ്ധതി-വിഹിതം മാറ്റി വെയ്ക്കൽ | 1414000 | 872 |
| | | 2018-19 | 2581083 | പ്രൊജക്റ്റ് നം.7/19 ലൈഫ് മിഷൻ ഭവന പദ്ധതി-വിഹിതം മാറ്റി വെയ്ക്കൽ-എസ്.സി. | 1430000 | 1151083 |
| | | 2018-19 | 101600 | പ്രൊജക്റ്റ് നം.50/19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 101600 | 0 |
| | | 2018-19 | 100000 | ആശ്രയ ബ്ലോക്ക് വിഹിതം | 0 | 100000 |
| ആകെ | 267089 | | 6816455 | | 5276825 | 1906719 |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 4196034 | പ്രൊജക്റ്റ് നം.6/19 ലൈഫ് മിഷൻ ഭവന പദ്ധതി-വിഹിതം മാറ്റി വെയ്ക്കൽ | 4194000 | 2034 |
| | | 2018-19 | 1315600 | പ്രൊജക്റ്റ് നം.40/19 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 1315600 | 0 |
| | | 2018-19 | 100000 | പ്രൊജക്റ്റ് നം.50/19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 97352 | 2648 |
| | | 2018-19 | 125000 | പ്രൊജക്റ്റ് നം.52/19 സാന്ത്വന പരിചരണം | 115435 | 9565 |
| ആകെ | 0 | | 5736634 | | 5722387 | 14247 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ | ലഭ്യമല്ല | 27500000 | - | - | - | 27500000 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1173611 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| പലിശ | 83854 |
| ആകെ | 2257465 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2257465 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ</u>

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പഴയന്നൂർ ശാഖ | 729184 | 80012284084 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് , പഴയന്നൂർ ശാഖ | 500000 | 80011867690 |
| പഞ്ചാബ് നാഷണൽ ബാങ്ക് , പഴയന്നൂർ | 1028281 | 433500PU00013231 |
| ആകെ | 2257465 | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ താഴെ പറയുന്ന രൂപ ഈടാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 2013-14 | 3.13 | 2100 | ലിൻഡ.എസ്.എറവക്കോട് | 118050102929/ 10.07.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-8(1) | 2016-17 | | 3 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | അടവാക്കി |
| 2015-16 | 2-8(2) | 2016-17 | | 4 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | അടവാക്കി |
| 2015-16 | 2-8(3) | 2016-17 | | പൊതു അപാകതകൾ -തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് അടവാക്കാത്തത് സംബന്ധിച്ച് | നടപടികൾ സ്വീകരിച്ച് വരുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 151978122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 130605793 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54,209 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,59,860 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 40,026 | ശ്രീമതി.മഞ്ജുഷ.പി.എച്ച്., അസി.എഞ്ചിനീയർ |
| 3-2 | | 14,183 | ശ്രീ.ഷമീർ അസി.എഞ്ചിനീയർ |
| | | 54,209 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 4,64,349 | മഞ്ജുഷ.പി.എച്ച്, അസി.എഞ്ചിനീയർ |
| 1-34 | 3,55,152 | മഞ്ജുഷ.പി.എച്ച്, അസി.എഞ്ചിനീയർ |
| 1-39 | 9,66,825 | ജോസഫ് ജോൺ തേറാട്ടിൽ, കൃഷി ഓഫീസർ |
| 1-41 | 54,098 | ദേവരാജൻ.കെ.പി., അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 19,436 | ആർ.ശ്യാംകുമാർ, സെക്രട്ടറി |
| ആകെ | 18,59,860 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| മഞ്ജുഷ.പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | കൊറശ്ശേരി ഹൗസ്, പൂയപ്പിള്ളി വടക്കേക്കര, പി.ഒ. നോർത്ത് പറവൂർ |
| ഷമീർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പയ്യൽ ഹൗസ്, പുതുപ്പരിയാരം, പി.ഒ. പാലക്കാട് |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 77-78 | എൽ.എഫ്.ടി.എസ്.2-906/11 /18.7.11 |
| 80-81 | -ടി- |
| 81-82 | -ടി- |
| 82-83 | -ടി- |
| 83-84 | -ടി- |
| 84-85 | -ടി- |
| 86-87& 87-88 | -ടി- |
| 88-89 | |
| 89-90 | -ടി- |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | എൽ.എഫ്.ടി.10/1079/2003.തീ.9.4.04/14.9.04 |
| 90-91 മുതൽ 95-96 വരെ | എൽ.എഫ്.ടി.പി.10/304/2008.തീ.9.7.09 |
| 96-97 ചെലവ് | എൽ.എഫ്.ടി.പി-4/185 തീ.13.3.14/5.4.14 |
| 97-98 ചെലവ് | |
| 97-98 വരവ് | |
| 98-99 വരവ് | |
| 98-99 ചെലവ് | |
| 99-2000, 2000-2001 ( | |

| | |
|---|---|
| ജനകീയാ സൂത്രണം 99-2000 | |
| 2000-2001 | |
| 2001-02 | |
| 98-99 | എൽ.എഫ്.ടി.പി.10-307/08 തീ.14.7.09 |
| 99-2000 | എൽ.എഫ്.ടി.പി.10-308/08 തീ.14.7.09 |
| 2000-2001 | എൽ.എഫ്.ടി.പി.10-309/08 തീ.14.7.09 |
| 2001-2002 | |
| 2002-2003 | എൽ.എഫ്.ടി.പി.10-1265/08 തീ.7.9.09 |
| 2003-2004 | എൽ.എഫ്.ടി.പി.10-1266/08 തീ.7.9.09 |
| 2004-05 | എൽ.എഫ്.ടി.പി.10-195/09 തീ.25.6.10 |
| 2005-06 | എൽ.എഫ്.ടി.പി.10-1348/09 തീ.28.7.10 |
| 2006-2007 | എൽ.എഫ്.ടി.പി.10-1336/09 തി.29.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.പി.-4.956/12 തി.2.8.12/5/11/12 |
| 2008-2009 | എൽ.എഫ്.ടി.പി.4-957/12 തി.2.8.12/5/11/12 |
| 2009-2010 | എൽ.എഫ്.ടി.പി.4.958/12 തി.2.8.12/5/11/12 |
| 2010-2011 | എൽ.എഫ്.ടി.പി.4.959/12 തി.2.8.12/ 5/11/12 |
| 2011-12 | എൽ.എഫ്.ടി.പി.4.1151/13 തി.4.12.13/5.2.14 |
| 2012-13 | എൽ.എഫ്.ടി.പി.4.631/14 തി.8.10.14/8.12.14 |
| 2013-14 | എൽ.എഫ്.ടി. (പി4)186/15 തി, 7-5-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ/ പി4/996/ 16,25.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1934/16, തീ.5.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1111/2017, തീ.30.08.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ/ പി4/771/2019, തീ.01.06.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-ടി.എസ്.ആർ(പി4)1499/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,.

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി. 06/12/19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ